www.societytodaynews.com

2024 NOVEMBER
07
THURSDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# പിഎം വിദ്യാലക്ഷ്മിക്ക് തുടക്കം: വിദ്യാഭ്യാസ വായ്പയ്ക്ക് 75 ശതമാനം കേന്ദ്രസർക്കാർ ഈട്

**ന്യൂദൽഹി:** സാമ്പത്തിക പരിമിതിയുള്ള വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം നേടാൻ സാമ്പത്തിക സഹായം നല്കുന്ന പി.എം വിദ്യാലക്ഷ്മി പദ്ധതിക്ക് കേന്ദ്രമന്ത്രിസഭാ യോഗം അംഗീകാരം നല്കി. രാജ്യത്തെ മികവു പുലർത്തുന്ന 860 ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളിൽ പഠിക്കുന്ന 22 ലക്ഷത്തോളം വിദ്യാർഥികൾക്ക് പദ്ധതി ഉപകാരപ്രദമാകും. ഏറ്റവും മികച്ച 860 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന അർഹരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പകൾ ലഭിക്കുന്നതിന് പദ്ധതി സഹായിക്കും. പ്രതിവർഷം 22 ലക്ഷത്തിലധികം വിദ്യാർത്ഥികൾക്കാണ് പ്രയോജനം ലഭിക്കുക.

ഈടില്ലാതെ വിദ്യാഭ്യാസ വായ്പ ലഭ്യമാക്കുന്ന പദ്ധതിയിൽ ഡിജിറ്റൽ അപേക്ഷാ പ്രക്രിയയിലൂടെയാണ് ധനസഹായം ലഭിക്കുക. ഏഴര ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പയ്ക്ക് 75 ശതമാനം വായ്പാ ഈട് കേന്ദ്രസർക്കാർ ബാങ്കുകൾക്ക് നല്കും. വാർഷിക വരുമാനം എട്ടുലക്ഷം രൂപവരെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് 10 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പയ്ക്ക് മൂന്നു ശതമാനം പലിശ ഇളവ് നല്കും. നാലര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ 10 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പകൾക്ക് മൊറട്ടോറിയം കാലയളവിൽ പൂർണ പലിശ ഇളവ് നല്കിയതിന് പുറമേയാണ് പുതിയ പ്രഖ്യാപനം.



ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യക്ക് നടപ്പു സാമ്പത്തിക വർഷത്തിൽ പ്രവർത്തന മൂലധനമായി 10,700 കോടി രൂപയുടെ നിക്ഷേപത്തിനും കേന്ദ്രമന്ത്രിസഭ അംഗീകാരം നല്കി.

ദേശീയ വിദ്യാഭ്യാസ നയത്തിൽ നിന്ന് ഉരുത്തിരിഞ്ഞ പിഎം വിദ്യാലക്ഷ്മി പദ്ധതിയിലൂടെ വർഷം ഒരു ലക്ഷം വിദ്യാർത്ഥികൾക്ക് പലിശ ഇളവു നല്കും.

വിദ്യാസർക്കാർ സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക, പ്രൊഫഷണൽ കോഴ്സുകൾ തിരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് മുൻഗണന നല്കും. ഇതിനായി 2024 2031 വരെയുള്ള കാലയളവിൽ 3,600 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ കാലയളവിൽ ഏഴു ലക്ഷം പുതിയ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പയുടെ പലിശ ഇളവിന്റെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിൽ (ക്യുഎച്ച്ഇഐ) പ്രവേശനം നേടുന്ന ഏതൊരു വിദ്യാർത്ഥിക്കും കോഴ്സുമായി ബന്ധപ്പെട്ട മുഴുവൻ ട്യൂഷൻ ഫീസും മറ്റ് ചെലവുകളും വഹിക്കുന്നതിന് ബാങ്കുകളിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഈടുരഹിതജാമ്യരഹിത വായ്പ ലഭിക്കാൻ അർഹതയുണ്ട്. ലളിതവും സുതാര്യവും വിദ്യാർത്ഥി സൗഹൃദവുമായ സംവിധാനത്തിലൂടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പിഎംവിദ്യാലക്ഷ്മി എന്ന ഏകീകൃത പോർട്ടൽ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. എല്ലാ ബാങ്കുകൾക്കും ഉപയോഗിക്കാനാകുന്ന ലളിതമായ അപേക്ഷാ പ്രക്രിയയിലൂടെ, വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പയ്ക്കും പലിശ ഇളവിനും അപേക്ഷിക്കാൻ കഴിയും. ഇവൗച്ചർ, സെൻട്രൽ ബാങ്ക് ഡിജിറ്റൽ കറൻസി വാലറ്റുകൾ എന്നിവ വഴി പലിശ ഇളവു നല്കും.



# മികച്ച വിജയം: അമേരിക്കൻ പ്രസിഡന്റായി ട്രംപ്

**വാഷിംഗ്ടൺ ഡിസി:** അമേരിക്കൻ പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ വിജയമുറപ്പിച്ച് ഡോണൾഡ് ട്രംപിൻറെ തേരോട്ടം. 277 ഇലക്ടറൽ വോട്ടുകൾ റിപ്പബ്ലിക്കൻ സ്ഥാനാർഥിയായ ട്രംപ് ഇതിനകം നേടിക്കഴിഞ്ഞുവെന്നാണ് പുതിയ റിപ്പോർട്ടുകൾ. 224 വോട്ടുകൾ മാത്രമാണ് ഡെമോക്രാറ്റിക് സ്ഥാനാർഥി കമലാ ഹാരിസിന് നേടാൻ കഴിഞ്ഞത്.

538 ഇലക്ടറൽ കോളജ് വോട്ടിൽ 270 വോട്ട് മറികടന്നതോടെ വീണ്ടും ഡോണൾഡ് ട്രംപ് അമേരിക്കയുടെ പ്രസിഡൻറ് സ്ഥാനം ഉറപ്പിച്ചു. ഇനി ഔദ്യോഗിക പ്രഖ്യാപനം മാത്രം ആണ് ബാക്കിയുള്ളത്.പ്രസിഡൻറ് തെരഞ്ഞെടുപ്പിനെ നിർണായകമായി സ്വാധീനിക്കുന്ന സ്വിംഗ് സ്റ്റേറ്റുകളായ പെൻസിൽവാനിയ, അരിസോണ, ജോർജിയ, മിഷിഗൺ, നെവാഡ, നോർത്ത് കാരളൈന, വിസ്കോൺസിൻ എന്നിവിടങ്ങളിലെല്ലാം ട്രംപാണ് വിജയിച്ചത്. സ്വിംഗ് സ്റ്റേറ്റുകളിൽ നോർത്ത് കാരളൈന മാത്രമാണ് നേരത്തെ ട്രംപിനൊപ്പം നിന്നിട്ടുള്ളത്. എന്നാൽ ഇത്തവണ ഏഴും ട്രംപിനൊപ്പം നിന്നു.സെനറ്റർ ജെ.ഡി. വാൻസ് യുഎസിൻറെ വൈസ് പ്രസിഡൻറാവും.അതേസമയം, നെബ്രാസ്കയിൽനിന്ന് ഡെബ് ഫിഷർ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടതോടെ യുഎസ് പാർലമെൻറിൻറെ സെനറ്റിലും റിപ്പബ്ലിക്കൻ പാർട്ടി ഭൂരിപക്ഷം നേടിക്കഴിഞ്ഞു.നാം ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്, ഇത് രാജ്യം ഇതുവരെ കാണാത്ത രാഷ്ട്രീയ വിജയമാണ്. അമേരിക്കയുടെ സുവർണകാലമാണ് വരാനിരിക്കുന്നതെന്നും ജനങ്ങൾക്ക് നന്ദി പറയുന്നുവെന്നും ട്രംപ് പ്രസംഗത്തിൽ അറിയിച്ചു. ഭാര്യ മെലാനിയയ്ക്കും ട്രംപ് നന്ദി പറഞ്ഞു.

# ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും നഷ്ടപരിഹാരം ഉറപ്പാക്കണം: സുപ്രീം കോടതി



**ന്യൂഡൽഹി:** ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും പ്രായപൂർത്തിയാവാത്ത കുട്ടികൾക്കും നിയമപരമായ നഷ്ടപരിഹാരം ഉറപ്പാക്കണമെന്ന് സുപ്രീംകോടതി. പോക്സോ കേസിലും പീഡനകേസുകളിലും വിധി പറയുന്ന സെഷൻസ് കോടതികൾ ഇക്കാര്യം ഉറപ്പു വരുത്തണമെന്നും സുപ്രീംകോടതി വ്യക്തമാക്കി.

കേസുകൾ മെറിറ്റ് പരിശോധിച്ച ശേഷം ഇരകൾക്ക് ഇടക്കാല നഷ്ടപരിഹാരം നൽകാനുള്ള ഉത്തരവും സെഷൻസ് കോടതികൾക്ക് പുറപ്പെടുവിക്കാമെന്ന് സുപ്രീം കോടതി ഉത്തരവിറക്കി. വിധിയുടെ പകർപ്പ് രാജ്യത്തെ എല്ലാ ഹൈക്കോടതികൾക്കും കൈമാറാനും സുപ്രീം കോടതി നിർദേശിച്ചു.

മഹാരാഷ്ട്രയിൽ നിന്നുള്ള ഒരു പോക്സോ കേസിൽ അമിക്കസ് ക്യൂറി സഞ്ജയ് ഹെഗ്ഡെയും അഭിഭാഷകൻ മുകുന്ദ് പി. ഉണ്ണിയും കൈമാറിയ റിപ്പോർട്ട് പരിഗണിച്ചാണ് സുപ്രീം കോടതിയുടെ സുപ്രധാന വിധി പ്രസ്താവം.



സൊസൈറ്റി ടുഡേ
SOCIETY TODAY



കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന രാജ്ഭവൻ മാർച്ചിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് നടന്ന സമര പ്രഖ്യാപന കൺവെൻഷൻ ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്യുന്നു. എഡ്വേർഡ് ഫോസ്റ്റസ്, അസീസ് മൂലയിൽ, സി.എസ് അജ്മൽ, എം. സി പോൾസൺ, അഡ്വ. എ.ജെ റിയാസ്, എം. സി പോൾസൺ, അബ്ദുൾ റസാഖ്, ജോസ് പെട്ട, കെ .ടി ജോയ്, സി. വി രാജു, കെ.എ നാദിർഷ തുടങ്ങിയവർ സമീപം

# കെ.വി.വി.ഇ.എസ് രാജ്ഭവൻ മാർച്ച് ഇന്ന്

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ന് (നവംബർ 07) രാജ്ഭവൻ മാർച്ച് നടക്കും.

സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഏകോപന സമിതി എറണാകുളം നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ വ്യാപാര ഭവനിൽ നടന്ന സമരപ്രഖ്യാപന കൺവെൻഷൻ ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്തു. വാടക കെട്ടിടങ്ങളിൽ കട നടത്തുന്ന വ്യാപാരികളുടെ മേൽ വാടകയുടെ നികുതി ബാധ്യത കെട്ടിവെച്ച് ദ്രോഹിക്കുന്ന കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ നിലപാട് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ലെന്ന് പി. സി ജേക്കബ്ബ് പറഞ്ഞു. രാജഭവൻ മാർച്ചിനു ശേഷം സമരം പാർലന്റിനു മുന്നിലേക്ക് വ്യാപിപ്പിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ഏകോപന സമിതി എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റ് എം.സി പോൾസൺ അധ്യക്ഷത വഹിച്ചു.

എറണാകുളം ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. എ.ജെ റിയാസ് മുഖ്യപ്രഭാഷണം നടത്തി. ട്രഷറർ സി. എസ് അജ്മൽ, വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത്, ജില്ലാ വൈസ് പ്രസിഡന്റ്മാരായ അബ്ദുൾ റസാഖ്, അസീസ് മൂലയിൽ, ജില്ലാ സെക്രട്ടറി കെ.ടി ജോയ്,ജില്ലാ സെക്രട്ടറിയേറ്റംഗങ്ങളായ സി. വി രാജു, കെ.എ നാദിർഷ, നിയോജകമണ്ഡലം ജനറൽ സെക്രട്ടറി എഡ്വേർഡ് ഫോസ്റ്റസ്, ട്രഷറർ അബ്ദുൾ ഷുക്കൂർ, യൂത്ത് വിംഗ് നിയോജകമണ്ഡലം പ്രസിഡന്റ് പ്രദീപ് ജോസ്, വനിതാ വിംഗ് നിയോജകണ്ഡലം പ്രസിഡന്റ് ജയാ പീറ്റർ, തുടങ്ങിയവർ സംസാരിച്ചു.




# ഇന്ത്യയുടെ ബഹിരാകാശ വിജയം പരാജയത്തിൽ നിന്നും പഠിച്ച പാഠങ്ങൾ: ഡോ. എസ് സോമനാഥ്

**കൊച്ചി:** പരാജയങ്ങളിൽ നിന്നും പഠിച്ച പാഠങ്ങളാണ് ബഹിരാകാശ ഗവേഷണങ്ങളിലും ദൗത്യങ്ങളിലും ഇന്ത്യയ്ക്ക് വിജയങ്ങൾ സമ്മാനിച്ചതെന്ന് ഐ എസ് ആർ ഒ ചെയർമാൻ ഡോ. എസ് സോമനാഥ് പറഞ്ഞു. എറണാകുളം ഭാരതീയ വിദ്യാഭവൻ സംഘടിപ്പിച്ച ഇന്ത്യയുടെ ബഹിരാകാശ ദൗത്യങ്ങൾ എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.അമേരിക്ക ചന്ദ്രനിൽ കാലുകുത്തുമ്പോൾ ഇന്ത്യ തുമ്പയിൽ നിന്നും ചെറിയ റോക്കറ്റുകൾ അയച്ചു തുടങ്ങുന്നതേ ഉണ്ടായിരുന്നുള്ളു. എന്നാലിപ്പോൾ നാസയുമായി ഉൾപ്പെടെ തോളോടു തോൾ ചേർന്നു നിൽക്കുന്ന അവസ്ഥയിലേക്ക് ഐ എസ് ആർ ഒ വളർന്നുവെന്ന് അദ്ദേഹം പറഞ്ഞു. സ്വപ്നം കാണുകയും അതിന് അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്താൽ എന്തും നേടിയെടുക്കാൻ സാധിക്കുന്നത്രയും സാംസ്കാരികമായും ചരിത്രപരമായും സമ്പന്നമാണ് ഇന്ത്യയെന്ന് ഡോ. എസ് സോമനാഥ് പറഞ്ഞു. രാജ്യത്തിന്റെ മികവിനും നേട്ടത്തിനുമായി എല്ലാവരും തങ്ങളുടെ കഴിവുകൾ ഉപയോഗപ്പെടുത്താൻ തയ്യാറാകണം. സാധാരണക്കാരെ അസാധാരണക്കാരാക്കാൻ പ്രേരിപ്പിക്കുന്ന എ പി ജെ അബ്ദുൽ കലാമിന്റെ മാന്ത്രികത ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

അഞ്ഞൂറിലേറെ കൃത്രിമ ഉപഗ്രഹങ്ങൾ ഇന്ത്യയ്ക്ക് ആവശ്യമുണ്ടെങ്കിലും നിലവിൽ അൻപത് എണ്ണം മാത്രമാണ് നമുക്കുള്ളത്. എന്നാൽ 2014ൽ ബഹിരാകാശവുമായി ബന്ധപ്പെട്ട് ഒരു സ്റ്റാർട്ടപ്പ് മാത്രം ഉണ്ടായിരുന്ന സ്ഥാനത്ത് 2024ൽ അവയുടെ എണ്ണം 250ൽ അധികമായി. 1982ൽ റോക്കറ്റിന്റെ ഭാഗങ്ങളിൽ 47 ശതമാനവും ഇറക്കുമതി ചെയ്തിരുന്നതായിരുന്നു. എന്നാലിപ്പോൾ ഇറക്കുമതി എട്ട് ശതമാനമായി കുറച്ചുവെന്നും അദ്ദേഹം പറഞ്ഞു.ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ചെയർമാൻ വേണുഗോപാൽ സി ഗോവിന്ദ് അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ പ്രൊഫ. ഡോ. അമ്പാട്ട് വിജയകുമാർ, സെക്രട്ടറി കെ ശങ്കരനാരായണൻ എന്നിവർ പ്രസംഗിച്ചു.ഭാരതീയ വിദ്യാഭവൻ ഡയറക്ടർ ഇ രാമൻകുട്ടി സ്വാഗതവും ചീഫ് പ്രോഗ്രാം കോർഡിനേറ്റർ മീന വിശ്വനാഥൻ നന്ദിയും പറഞ്ഞു.

# പി.ആർ.സി.ഐ ഗ്ലോബൽ കമ്മ്യൂണിക്കേഷൻ കോൺക്ലേവ് നാളെ മുതൽ മംഗലാപുരത്ത്

**കൊച്ചി:** പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ (പി. ആർ.സി.ഐ)യുടെ 18ാമത് ഗ്ലോബൽ കമ്മ്യൂണിക്കേഷൻ കോൺക്ലേവ് നാളെ (നവംബർ 08) മുതൽ 10 വരെ മംഗലാപുരത്ത് നടക്കുമെന്ന് പി.ആർ.സി. ഐ ഡയറക്ടർ ആന്റ് സെക്രട്ടറി ഡോ. ടി.ആർ വിനയകുമാർ പറഞ്ഞു. 'റീ കണക്ട്' എന്നതാണ് ഈ വർഷത്തെ പ്രമേയം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 500 ലധികം പ്രതിനിധികൾ കോൺക്ലേവിൽ പങ്കെടുക്കും. പി.ആർ ആന്റ് കമ്മ്യൂണിക്കേഷൻ മേഖലയിലെ പുതിയ മാറ്റങ്ങൾ, വികസന പദ്ധതികൾ അടക്കമുള്ളവ കോൺക്ലേവിൽ ചർച്ച ചെയ്യും.

ബ്യൂറോക്രാറ്റുകൾ, വ്യവസായ പ്രമുഖർ ഉൾപ്പെടെയുള്ളവർ പങ്കെടുക്കുന്ന 11 ലധികം പാനൽ ചർച്ചകൾ കൂടാതെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഭാവി സംബന്ധിച്ച് 15 വൈസ് ചാൻസിലർമാർ പങ്കെടുക്കുന്ന വൈസ് ചാൻസിലേഴ്സ് റൗണ്ട് ടേബിൾ മീറ്റും കോൺക്ലേവിന്റെ ഭാഗമായി നടക്കും. കർണാടക ആഭ്യന്തര വകുപ്പ് മന്ത്രി ഡോ. ജി. പരമേശ്വര, ആരോഗ്യവകുപ്പ് മന്ത്രി ദിനേഷ് ഗുണ്ടു റാവു, മാംഗ്ലൂർ സിറ്റി മേയർ മനോജ്കുമാർ കൊടിക്കൽ എന്നിവർ ചേർന്ന് കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. പബ്ലിക് റിലേഷൻ മേഖലയിൽ മികച്ച നേട്ടം കൈവരിച്ചവരെ ചടങ്ങിൽ ആദരിക്കും.

# മെനിഞ്ചൈറ്റിസിനെ നേരിടാം: ലോകാരോഗ്യ സംഘടന പ്രചാരണം ശക്തമാക്കുന്നു

**കൊച്ചി:** മെനിഞ്ചൈറ്റിസ് രോഗബാധയ്ക്കെതിരെ വാക്സിനേഷൻ ഊർജ്ജിതമാക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങളുമായി ലോകാരോഗ്യ സംഘടന. ഓരോ വർഷവും ആഗോളതലത്തിൽ 2.5 ദശലക്ഷത്തിലധികം പേരെ പുതുതായി ബാധിക്കുന്ന മെനിഞ്ചൈറ്റിസ് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. മെനിഞ്ചൈറ്റിസുമായി ബന്ധപ്പെട്ട മരണങ്ങൾ ഏറ്റവും കൂടുതലുള്ള ആദ്യ മൂന്ന് രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ

വാക്സിനേഷൻ ജീവൻ രക്ഷിക്കുക മാത്രമല്ല, രോഗത്തെ അതിജീവിച്ചവർ നേരിടുന്ന ദീർഘകാല സങ്കീർണതകൾ കുറയ്ക്കുകയും ചെയ്യുന്നതായി കൊച്ചി ആസ്റ്റർ മെഡിസിറ്റി പീഡിയാട്രിക്സ് സീനിയർ കൺസൾട്ടന്റ് ഡോ.ജീസൺ സി ഉണ്ണി പറയുന്നു.

# പ്രവാസികേരളീയരുടെ മക്കൾക്കായി നോർക്കറൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്

**കൊച്ചി:** പ്രവാസി കേരളീയരുടെയും തിരികെയെത്തിയ പ്രവാസികളുടെയും മക്കൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന നോർക്കറൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. രണ്ട് വർഷത്തിലധികമായി വിദേശത്ത് ജോലി ചെയ്യുന്ന വാർഷിക വരുമാനം 3 ലക്ഷം രൂപ വരെയുള്ള പ്രവാസികേരളീയരുടെയും മുൻ പ്രവാസികളുടേയും മക്കൾക്ക് അപേക്ഷിക്കാം. ബിരുദാനന്തര ബിരുദ കോഴ്സുകൾക്കും പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്കും 202425 അധ്യയന വർഷത്തിലെ ഒന്നാം വർഷ വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ്. താൽപര്യമുള്ളവർ നവംബർ 30 നകം അപേക്ഷ നൽകണമെന്ന് നോർക്ക റൂട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി അറിയിച്ചു. www.scholarship.norkaroots.org വഴി ഓൺലൈനായി അപേക്ഷിക്കാം.

പഠിക്കുന്ന കോഴ്സിനുവേണ്ട യോഗ്യതാപരീക്ഷയിൽ കുറഞ്ഞത് 60 ശതമാനം മാർക്ക് നേടിയിരിക്കണം. റഗുലർ കോഴ്സുകൾക്കും കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ച കോഴ്സുകൾക്കും അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് അപേക്ഷിക്കാൻ കഴിയും. വിശദവിവരങ്ങൾക്ക്: 04712770528/2770543/2770500, നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പർ: 1800 425 3939 (ഇന്ത്യയിൽ നിന്നും) +918802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്).

# സീനിയർ പ്രോജക്ട് അസോസിയേറ്റ് നിയമനം

**തിരുവനന്തപുരം:** സർക്കാർ മെഡിക്കൽ കോളേജിൽ മെഡിക്കൽ ജനറ്റിക്സ് വിഭാഗത്തിനു കീഴിലെ ഡിബിറ്റി നിദാൻകേന്ദ്രയിൽ സീനിയർ പ്രോജക്ട് അസോസിയേറ്റ് തസ്തികയിൽ കരാർ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. മോളിക്യുലാർ ടെക്നിക്കൽ പ്രവർത്തിപരിചയമോ പരിശീലനമോ ലഭിച്ചവർക്കും ലൈഫ് സയൻസിൽ പിഎച്ച്ഡി ഉള്ളവർക്കും (ഡിഎൻഎ ഐസൊലേഷൻ, പിസിആർ, സാൻജർ, സീക്വൻസിംഗ്, എൻജിഎസ്, എംഎൽപിഎ) അപേക്ഷിക്കാം. ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 15ന് രാവിലെ 11 ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ നേരിട്ടെത്തണം.



# ശാസ്താംകോട്ട തടാകതീരത്ത് സൗന്ദര്യവത്കരണം; നിർമാണ പ്രവർത്തനം അന്തിമഘട്ടത്തിൽ

**കൊല്ലം :** തടാകതീരത്തെ നിർമാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിൽ. 90 ലക്ഷം രൂപ ചെലവഴിച്ച് തടാക തീരത്ത് നടപ്പിലാക്കുന്ന സൗന്ദര്യവത്ക്കരണ പ്രവർത്തനങ്ങളുടെ നിർമാണമാണ് അവസാന ഘട്ടത്തിൽ എത്തുന്നത്.തടാകം കാണാൻ എത്തുന്നവർക്ക് യാതൊരുവിധ സൗകര്യങ്ങളും ഇല്ലെന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് ജില്ലാ പഞ്ചായത്ത് ഫണ്ട് പ്രകാരം അമ്പലകടവിൽ മാറ്റങ്ങൾക്ക് നാന്ദി കുറിക്കാൻ തുടങ്ങിയത്.

ഇതിൻറെ ഭാഗമായി വള്ളങ്ങൾ അടുപ്പിക്കുന്ന ഭാഗത്ത് ഉണ്ടായിരുന്ന പഴയ കൽപ്പടവുകൾ പുതുക്കിപണിഞ്ഞു. തൊട്ടടുത്ത് തന്നെ കാത്തിരിപ്പ് കേന്ദ്രവും ഓപ്പൺ എയർ ഓഡിറ്റോറിയവുമായി ഉപയോഗിക്കാവുന്ന തരത്തിലുള്ള സ്റ്റേജിൻറെ നിർമാണവും അന്തിമഘട്ടത്തിലാണ്. ഇതിൽ 1982 ൽ നടന്ന തടാക ദുരന്തത്തിൻറെ സിമന്റിൽ തീർത്ത ചിത്രങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്. ഇതിൻറെ മുൻഭാഗത്തുൾപ്പെടെ തറയോട് പാകി കഴിഞ്ഞിട്ടുമുണ്ട്.

ക്ഷേത്രത്തിന് സമീപത്ത് നിന്ന് ആരംഭിച്ച് അമ്പലകടവിൽ അവസാനിക്കുന്നതും ദേവസ്വം ബോർഡിൻറെ അധീനതയിലുള്ളതുമായ കൽപ്പടവുകളിൽ ടൈൽ പാകി. കൽപ്പടവുകളുടെ വശങ്ങളിലും ഇരിപ്പടങ്ങൾ നിർമിക്കാനുള്ള പണികൾനടന്നു വരുന്നു. തുടക്കത്തിലുള്ള കമാനത്തിൻറെ നിർമാണവും അന്തിമ ഘട്ടത്തിലാണ്. ആളുകൾക്ക് ഇരിക്കാനുള്ള സ്റ്റീൽ കസേരകൾ എത്തി. അലങ്കാര വിളക്കുകളും സ്ഥാപിച്ചു കഴിഞ്ഞു. പരിസ്ഥിതി ദിനാചരണം അടക്കമുള്ളവയുടെ ഭാഗമായി നട്ട മരങ്ങളും മുളകളും സംരക്ഷിച്ചു വളർത്തുന്നതിനാൽ തടാകതീരം ഹരിതാഭയുമായിട്ടുണ്ട്. നേരത്തേ കോവൂർ കുഞ്ഞുമോൻ എംഎൽഎയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് തടാകതീരത്തേക്കുള്ള റോഡ് സഞ്ചാരയോഗ്യമാക്കിയിരുന്നു. മിനി മാറ്റ്സ് ലൈറ്റും സ്ഥാപിച്ചു.

തടാകതീരസൗന്ദര്യവത്കരണ പദ്ധതി പൂർത്തിയാകുമ്പോൾ തടാകം സന്ദർശിക്കാൻ എത്തുന്നവരുടെ എണ്ണം വർധിക്കുമെന്നാണ് പ്രതീക്ഷ.

ഇതിൻറെ മറവിൽ നടക്കുന്ന സാമുഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ നടപടി കൂടി വേണമെന്നാണ് പൊതുജനങ്ങളുടെ അഭിപ്രായം.ഇതിനായി സിസി ടിവി സ്ഥാപിക്കണമെന്നും കാവൽക്കാരെ ഏർപ്പെടുത്തണമെന്നുമാണാവശ്യം.

# ലൈഫ് സർട്ടിഫിക്കറ്റ് നവംബർ 30നകം നൽകണം

**തിരുവനന്തപുരം:** ഇൻഫർമേഷൻപബ്ലിക് റിലേഷൻസ് വകുപ്പിന്റെ പത്രപ്രവർത്തക പത്രപ്രവർത്തകേതര പെൻഷൻ വാങ്ങുന്നവർ നവംബർ 30നകം ലൈഫ് സർട്ടിഫിക്കറ്റ് നൽകണം. നവംബർ മാസത്തെ തീയതിയിലുള്ള 'ജീവൻ പ്രമാണി'ന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പോ, നവംബർ മാസത്തെ തീയതിയിലുള്ള ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റോ ആണ് നൽകേണ്ടത്. ലൈഫ് സർട്ടിഫിക്കറ്റിന്റെ മാതൃക ്ൃൃറ.സല്യമഹമ.ഴീ.ശി/ലി/ളീൃാെ ൽ നിന്ന് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. ഇതിലെ രണ്ടാം ഭാഗത്ത് പെൻഷണറുടെ നിലവിലെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി സ്വയം സാക്ഷ്യപ്പെടുത്തി നൽകണം.

ഏത് ജില്ലയിൽ നിന്നാണോ നിലവിൽ പെൻഷൻ സംബന്ധമായ രേഖകൾ സമർപ്പിക്കുന്നത് അതാത് ജില്ലാ ഇൻഫർമേഷൻ ഓഫീസിലാണ് ലൈഫ് സർട്ടിഫിക്കറ്റ് നൽകേണ്ടത്. മറ്റൊരാൾ മുഖേന ലൈഫ് സർട്ടിഫിക്കറ്റ് എത്തിക്കുന്ന പെൻഷണർമാർ സ്വന്തം ഫോട്ടോ പതിച്ച സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖയുടെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി നൽകണം. കൂടുതൽ വിവരങ്ങൾ 04712517351 ലും ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും ലഭിക്കും.

# സിസ്റ്റം ആൻഡ് ഡാറ്റാബേസ് ആർക്കിടെക്റ്റ് ഒഴിവ്

**തിരുവനന്തപുരം:** തിരുവനന്തപുരം പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഒഴിവുള്ള സിസ്റ്റം ആൻഡ് ഡാറ്റാബേസ് ആർക്കിടെക്റ്റ് തസ്തികയിലേക്ക് ഒരു വർഷത്തേക്ക് കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിലേക്കായി അപേക്ഷ ക്ഷണിച്ചു.

എംടെക്ക് അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ് / ഇൻഫർമേഷൻ ടെക്നോളജി / ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ് ബിടെക് / ബിഇ അല്ലെങ്കിൽ എംസിഎ / എം.എസ്സി (കമ്പ്യൂട്ടർ സയൻസ് / ഐടി) ആണ് യോഗ്യത. ഡാറ്റാബേസ് ആർക്കിടെക്റ്റ് അല്ലെങ്കിൽ സിസ്റ്റം ആർക്കിടെക്റ്റ് ആയി അഞ്ചു വർഷത്തെ പ്രവൃത്തിപരിചയം വേണം. പ്രതിമാസ വേതനം 57,747 രൂപ. താൽപര്യമുള്ളവർ നവംബർ 15 ന് മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, കെഎസ്ആർടിസി ബസ് ടെർമിനൽ കോംപ്ലക്സ് (ഏഴാം നില) തമ്പാനൂർ, തിരുവനന്തപുരം 1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ അപേക്ഷ സമർപ്പിക്കണം.

# ഡിജിറ്റൽ ഹെൽത്തായി കേരളം: 650 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത്

## 1.93 കോടി ജനങ്ങൾ സ്ഥിര യു. എച്ച്. ഐ. ഡി. രജിസ്ട്രേഷൻ എടുത്തു

**തിരുവനന്തപുരം:** സംസ്ഥാനത്തെ 653 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത് സംവിധാനം സജ്ജമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അതിൽ 428 ആശുപത്രികളിലും ഇ ഹെൽത്ത് സംവിധാനം സജ്ജമാക്കിയത് ഈ സർക്കാരിന്റെ കാലത്താണ്. മെഡിക്കൽ കോളേജുകളിലെ 17 സ്ഥാപനങ്ങൾ കൂടാതെ 22 ജില്ല/ജനറൽ ആശുപത്രികൾ, 26 താലൂക്ക് ആശുപത്രികൾ, 36 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 487 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 50 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 10 സ്പെഷ്യാലിറ്റി ആശുപത്രികൾ, 2 പബ്ലിക് ഹെൽത്ത് ലാബുകൾ, 3 മറ്റ് ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലാണ് ഇ ഹെൽത്ത് നടപ്പിലാക്കിയത്. 80 താലൂക്ക്, ജില്ല, ജനറൽ ആശുപത്രികളിൽ കൂടി ഇ ഹെൽത്ത് സംവിധാനം വഴി ഓൺലൈൻ അപ്പോയ്മെന്റ് എടുക്കുവാനുള്ള സംവിധാനം അന്തിമ ഘട്ടത്തിലാണ്. മുഴുവൻ ആശുപത്രികളും ഇ ഹെൽത്ത് സംവിധാനം നടപ്പിലാക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്ത് ഇ ഹെൽത്ത് സംവിധാനം വൻ വിജയമാണ്. ഇതുവരെ 1.93 കോടിയിലധികം ജനങ്ങൾ ഇ ഹെൽത്തിലൂടെ സ്ഥിര യു.എച്ച്.ഐ.ഡി. രജിസ്ട്രേഷൻ എടുത്തു. താത്ക്കാലിക രജിസ്ട്രേഷനിലൂടെ 5.24 കോടിയിലധികമാണ് ചികിത്സ തേടിയത്. 11.84 ലക്ഷം പേരാണ് ഇ ഹെൽത്ത് സംവിധാനത്തിലൂടെ അഡ്മിറ്റായി ചികിത്സ തേടിയത്. 2.78 കോടിയിലധികം പ്രീ ചെക്കപ്പ്, 6.85 കോടിയിലധികം ഡയഗ്നോസിസ്, 4.44 കോടിയിലധികം പ്രിസ്ക്രിപ്ഷൻ, 1.50 കോടിയിലധികം ലാബ് പരിശോധനകൾ എന്നിവയും ഇ ഹെൽത്തിലൂടെ നടത്തി.

ഇ ഹെൽത്തിലൂടെ ഓൺലൈൻ ഒപി ടിക്കറ്റും പേപ്പർ രഹിത ആശുപത്രി സേവനങ്ങളും ലഭ്യമാകുന്നു എന്നതാണ് പ്രധാന പ്രത്യേകത. ആശുപത്രിയിൽ ക്യൂ നിൽക്കാതെ നേരത്തെ തന്നെ ഒപി ടിക്കറ്റ് എടുക്കാൻ കഴിയുന്നു എന്നതും ഈ സംവിധാനത്തിന്റെ പ്രത്യേകത. വീണ്ടും ചികിത്സ തേടണമെങ്കിൽ ആശുപത്രിയിൽ നിന്നും തന്നെ അഡ്വാൻസ് ടോക്കൺ എടുക്കാനുള്ള സംവിധാനവും സജ്ജമാണ്. ഇതിലൂടെ കാത്തിരിപ്പ് വളരെ കുറയ്ക്കാനാകും.

ഇ ഹെൽത്ത് വഴിയുള്ള സേവനങ്ങൾ ലഭിക്കുവാൻ ആദ്യമായി തിരിച്ചറിയിൽ നമ്പർ സൃഷ്ടിക്കണം. അതിനായി https://ehealth.kerala.gov.in എന്ന പോർട്ടലിൽ കയറി രജിസ്റ്റർ ലിങ്ക് ക്ലിക്ക് ചെയ്യണം. അതിൽ ആധാർ നമ്പർ നൽകുക. തുടർന്ന് ആധാർ രജിസ്റ്റർ ചെയ്ത നമ്പരിൽ ഒടിപി വരും. ഈ ഒടിപി നൽകുമ്പോൾ ഓൺലൈൻ വ്യക്തിഗത ആരോഗ്യ തിരിച്ചറിയൽ നമ്പർ ലഭ്യമാകും. ഇത് പോർട്ടൽ വഴി ഡൌൺലോഡ് ചെയ്യാവുന്നതാണ്.

ആദ്യതവണ ലോഗിൻ ചെയ്യുമ്പോൾ ഇത്തരത്തിലുള്ള 16 അക്ക വ്യക്തിഗത ആരോഗ്യ തിരിച്ചറിയൽ നമ്പറും പാസ് വേർഡും മൊബൈലിൽ മെസേജായി ലഭിക്കും. ഈ തിരിച്ചറിയൽ നമ്പറും പാസ് വേർഡും ഉപയോഗിച്ച് ആശുപത്രികളിലേക്കുള്ള നിശ്ചിത തീയതിയിലും സമയത്തുമുള്ള അപ്പോയ്മെന്റ് എടുക്കാൻ സാധിക്കും.

ഒരു വ്യക്തിക്ക് ലഭിച്ച തിരിച്ചറിയൽ നമ്പരും പാസ് വേർഡും ഉപയോഗിച്ച് പോർട്ടലിൽ ലോഗിൻ ചെയ്ത ശേഷം ന്യൂ അപ്പോയ്മെന്റ് ക്ലിക്ക് ചെയ്യുക. റെഫറൽ ആണെങ്കിൽ ആ വിവരം രേഖപ്പെടുത്തിയ ശേഷം ആശുപത്രി വിവരങ്ങളും ഡിപ്പാർട്ട്മെന്റും തെരഞ്ഞെടുക്കുക. തുടർന്ന് അപ്പോയ്മെന്റ് വേണ്ട തീയതി തെരഞ്ഞെടുക്കുമ്പോൾ ആ ദിവസത്തിൽ ലഭ്യമായ ടോക്കണുകൾ ദൃശ്യമാകും. രോഗികൾ അവർക്ക് സൗകര്യപ്രദമായ സമയമനുസരിച്ചുള്ള ടോക്കൺ എടുക്കാവുന്നതാണ്.

തുടർന്ന് ടോക്കൺ പ്രിന്റും എടുക്കാവുന്നതാണ്. ടോക്കൺ വിവരങ്ങൾ എസ്.എം.എസ്. ആയും ലഭിക്കുന്നതാണ്. ഇത് ആശുപത്രിയിൽ കാണിച്ചാൽ മതിയാകും. പോർട്ടൽ വഴി അവരുടെ ചികിത്സാവിവരങ്ങൾ, ലാബ് റിസൾട്ട്, പ്രിസ്ക്രിപ്ഷൻ എന്നിവ ലഭ്യമാവുന്നതാണ്. സംശയങ്ങൾക്ക് ദിശ 104, 1056, 0471 2552056, 2551056 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്.




# ആവേശം ഫുൾ ഓൺ; കൊച്ചിയിൽ ട്രാക്കുണരുന്നു

**കൊച്ചി:** കൗമാര കേരളത്തിന്റെ കായികാവേശമൊന്നാകെ ഇന്നുമുതൽ കൊച്ചിയുടെ കായലോളങ്ങൾക്കൊപ്പം അലയടിച്ചുയരും. ഒളിമ്പിക്സ് മാതൃകയിൽ ആദ്യമായി സംഘടിപ്പിച്ച സംസ്ഥാനസ്കൂൾ കായികമേളയിൽ പുതിയവേഗവും ദൂരവും തേടി കുട്ടിക്കേരളം കുതിക്കാനൊരുങ്ങുകയാണ് കൊച്ചിയിൽ. സംസ്ഥാന സ്കൂൾ കായികമേളയുടെ പ്രധാന ആകർഷണമായ അത്‌ലറ്റിക്സ് മത്സരങ്ങൾക്ക് വ്യാഴാഴ്ച രാവിലെ പ്രധാനവേദിയായ മഹാരാജാസ് കോളേജ് മൈതാനത്ത് തുടക്കമാകും. രാവിലെ 6.10 ന് സീനിയർ ആൺകുട്ടികളുടെ 5000 മീറ്റർ നടത്ത മത്സരത്തോടെയാണ് അത്‌ലറ്റിക്സ് മൽസരങ്ങൾ തുടങ്ങുന്നത്. തുടർന്ന് 6.55 ന് സീനിയർ പെൺകുട്ടികളുടെ 3000 മീറ്റർ നടത്ത മത്സരം, 7.20 ന് ജൂനിയർ ആൺകുട്ടികളുടെ 300 മീറ്റർ നടത്ത മത്സരം എന്നിവ നടക്കും. തുടർന്ന് മൈതാനത്തെ വിവിധ ഭാഗങ്ങളിലായി സബ് ജൂനിയർ ആൺകുട്ടികളുടെ ഹൈജമ്പ്, 400 മീറ്റർ ഓട്ടം, ഷോട്ട് പുട്ട്,4ണ്ട100 മീറ്റർ റിലേ, സബ് ജൂനിയർ പെൺകുട്ടികളുടെ 400 മീറ്റർ ഓട്ടം, ലോങ് ജമ്പ്, ഷോട്ട്പുട്ട്, 4ണ്ട100 മീറ്റർ റിലേ, ജൂനിയർ ആൺകുട്ടികളുടെ പോൾവാൾട്ട്, ഹാമർത്രോ, ലോങ് ജമ്പ്, ജൂനിയർ പെൺകുട്ടികളുടെ ഷോട്ട്പുട്ട്, 3000 മീറ്റർ ഓട്ടം, 400 മീറ്റർ ഓട്ടം, ഹൈജമ്പ്, ലോങ് ജമ്പ്, 4ണ്ട100 മീറ്റർ റിലേ മത്സരങ്ങൾ നടക്കും.

സീനിയർ ആൺകുട്ടികളുടെ ലോങ് ജമ്പ്, 3000 മീറ്റർ ഓട്ടം, 400 മീറ്റർ ഓട്ടം, പോൾവാൾട്ട്, ഹാമർത്രോ, ഹൈജമ്പ്, 4x100 മീറ്റർ റിലേ, സീനിയർ പെൺകുട്ടികളുടെ ഡിസ്കസ് ത്രോ, 3000 മീറ്റർ ഓട്ടം, 400 മീറ്റർ ഓട്ടം, ഹൈജമ്പ്, ജാവലിൻ ത്രോ, 4x100 മീറ്റർ റിലേ എന്നിവയും വ്യാഴാഴ്ച നടക്കും. നാലു ദിവസങ്ങളിലായാണ് അത്‌ലറ്റിക്സ് മത്സരങ്ങൾ പൂർത്തിയാക്കുക. 2700 കുട്ടികൾ അത്‌ലറ്റിക്സ് മൽസരങ്ങളിൽ പങ്കെടുക്കും. മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ ബുധനാഴ്ച രാവിലെ ആരംഭിച്ചു. അധ്യാപകർക്കുള്ള മത്സരങ്ങൾ അവസാന ദിവസം നടക്കും.



## കാണാം, വീട്ടിലിരുന്നും

അത്‌ലറ്റിക് മൽസരങ്ങളുടെ ആവേശം തത്സമയം മിഴിവോടെ കാണികൾക്ക് പങ്കുവെക്കാനായി സ്റ്റേഡിയത്തിൽ വീഡിയോ സ്ക്രീനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന കൈറ്റ് വിക്ടേഴ്സ് ടെലിവിഷൻ ചാനലിലൂടെ തത്സമയ സംപ്രേഷണവും ഒരുക്കിയിട്ടുണ്ട്.

**അത്‌ലറ്റിക്സ് രജിസ്ട്രേഷന് 14 കൗണ്ടറുകൾ**

സംസ്ഥാന സ്കൂൾ കായികമേളയുടെ അത്‌ലറ്റിക്സ് മത്സരങ്ങൾക്കായുള്ള രജിസ്ട്രേഷന് മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ ഒരുക്കിയത് വിപുലമായ സൗകര്യങ്ങൾ. ഓരോ ജില്ലയ്ക്കും ഒന്നു വീതം 14 കൗണ്ടറുകളാണ് ഇവിടെ ഒരുക്കിയത്. ഉച്ചയ്ക്ക് രണ്ടു മണിക്കാരംഭിച്ച രജിസ്ട്രേഷൻ വൈകുന്നേരം വരെ തുടർന്നു. 80 ശതമാനം അത്‌ലറ്റുകളും ബുധനാഴ്ച തന്നെ രജിസ്റ്റർ ചെയ്തു. ബാക്കിയുള്ളവർക്കായി വ്യാഴാഴ്ച രാവിലെ 6 ന് രജിസ്ട്രേഷൻ കൗണ്ടർ വീണ്ടും പ്രവർത്തിക്കും. 2700 ഓളം വിദ്യാർഥികളാണ് വിവിധ ഇനങ്ങളിലായി അത്‌ലറ്റിക്സ് മൽസരങ്ങളിൽ പങ്കെടുക്കുന്നത്.

## ഒന്നിച്ചിറങ്ങി എതിരാളികൾ; സ്വർണം നേടി ഫെൻസിങ് ഫ്രണ്ട്സ്

വ്യക്തിഗത മത്സരത്തിൽ എതിരാളികളായവർ ഗ്രൂപ്പിനത്തിൽ കൈകോർത്ത് പിടിച്ച് മൽസരിക്കുന്ന അപൂർവ കാഴ്ചയാണ് എറണാകുളം ടൗൺഹാളിലെ ഫെൻസിങ് വേദിയിൽ കണ്ടത്. സീനിയർ പെൺകുട്ടികളുടെ ഫെൻസിങ് എപ്പി വ്യക്തിഗത ഇനത്തിൽ ഒന്നാമതെത്തിയ നിവേദിയ എൽ നായരും രണ്ടാം സ്ഥാനക്കാരിയായ റീബാ ബെന്നിയും ടീമിനത്തിലാണ് കണ്ണൂരിന് വേണ്ടി ഒന്നിച്ചിറങ്ങി സ്വർണം നേടിയത്. ഒരുമിച്ച് പരിശീലിച്ച് കോമൺവെൽത്ത് ഗെയിംസിലും ഏഷ്യൻ സർക്യൂട്ട് ചാമ്പ്യൻഷിപ്പിലും ഇന്ത്യയെ പ്രതിനിധീകരിച്ചവരാണ് ഇരുവരും. ഇടുക്കി രാജാക്കാട് സ്വദേശിയായ നിവേദിയ മൂന്നാം ക്ലാസ് മുതൽ ഫെൻസിങ് അഭ്യസിക്കുന്നുണ്ട്. തലശ്ശേരി സായ് സെന്ററിലെ കളിക്കൂട്ടുകാരിയാണ് റീബ. തലശ്ശേരി ഗവ. ബ്രണ്ണൻ എച്ച് എസ് എസിലെ വിദ്യർത്ഥിനികളുമാണിരുവരും.

ആദ്യമായാണ് ഇരുവരും ഒരുമിച്ച് മത്സരിക്കുന്നത്. കൂട്ടുകാരിയുമായുള്ള മത്സരത്തെക്കുറിച്ച് ചോദിച്ചപ്പോൾ നിവേദിയയുടെ മറുപടി ഇങ്ങനെ.'മത്സരം തുടങ്ങിയാൽ എതിരാളികൾ മാത്രമേയുള്ളൂ.

ജയം മാത്രമേ ലക്ഷ്യമായുള്ളൂ. മറ്റൊന്നും അപ്പോൾ ഓർക്കില്ല'.ഇക്കാര്യത്തിൽ റീബക്കും എതിരഭിപ്രായമില്ല. 'നല്ല പ്രകടനം കൊണ്ട് വരാൻ മാത്രമേ ശ്രമിക്കാറുള്ളൂ. ഒരുമിച്ച് പ്രാക്ടീസ് ചെയ്യുന്നത് കൊണ്ട് മൂവുകൾ എല്ലാം മുൻകൂട്ടി കാണാൻ കഴിയാറുണ്ട്. അതിനനുസരിച്ച് പ്രതിരോധം തീർക്കാനും കഴിയാറുണ്ട്'. ഫാത്തിമ ഫിദയാണ് ഇവർക്കൊപ്പം മത്സരത്തിന് കണ്ണൂരിനായി ഇറങ്ങിയത്.

കോട്ടയം സ്വദേശിയായ ബെന്നി ജേക്കബിന്റെയും റീനയുടെയും മകളാണ് റീബ. വി എസ് ലിഥേഷും ദീപയുമാണ് നിവേദിയയുടെ മാതാപിതാക്കൾ. ഒളിമ്പിക്സിൽ ഇന്ത്യക്കായി മെഡൽ നേടുകയാണ് ഈ കൗമാര താരങ്ങളുടെ സ്വപ്നം.

## ആദിത്യരാജ് മലർത്തിയടിച്ച് നേടിയത് സ്വപ്ന സ്വർണ്ണം


ആദിത്യരാജ് സഹോദരനും പരിശീലകനുമായ കൃഷ്ണരാജുമൊത്ത്

സംസ്ഥാന കായികമേളയിൽ സീനിയർ ആൺകുട്ടികളുടെ 81 കിലോ വിഭാഗം ജൂഡോ മൽസരത്തിൽ ആർ ആദിത്യരാജ് മലർത്തിയടിച്ച് നേടിയത് സ്വപ്നസ്വർണ്ണം. മുഴുവൻ പോയിന്റും ഒറ്റ നീക്കത്തിലൂടെ ലഭിക്കുന്ന ഇപ്പോൺ എന്ന നിക്കത്തിലൂടെ എതിരാളിയെ മലർത്തിയടിച്ചാണ് ആദിത്യൻ വിജയം നേടിയത്.

കഴിഞ്ഞതവണ ജില്ലാതലത്തിൽ ഒന്നാമത് എത്തിയിരുന്നെങ്കിലും പരിക്കുകൾ മൂലം സംസ്ഥാനതലത്തിൽ മത്സരിക്കാനായിരുന്നില്ല. ദേശീയതലത്തിൽ ഒന്നാമതെത്തുക എന്ന ലക്ഷ്യത്തിന് ഈ നേട്ടം ആത്മവിശ്വാസം നൽകുമെന്ന് ആദിത്യരാജ് പറഞ്ഞു.കൊല്ലം സ്വദേശിയായ ആദിത്യരാജ് കരുനാഗപ്പള്ളി ഗവ. എച്ച് എസ് എസിലെ വിദ്യാർഥിയാണ്. പത്താരം എസ് എച്ച് എസ് എസിലാണ് ജൂഡോ പരിശീലനം നടത്തുന്നത്.

സഹോദരനും അന്തർദേശീയ താരവുമായ കൃഷ്ണരാജാണ് പരിശീലകൻ.വേഗതയും ആത്മവിശ്വാസവും ഒരുമിച്ചുവേണ്ട മത്സര ഇനമാണ് ജൂഡോ. ആദ്യമായി മത്സരം കാണുന്നവർക്ക് ജൂഡോ യുടെ നിയമാവലികൾ മനസ്സിലാകണമെന്നില്ല. ജൂഡോയിൽ ലെഗ്, ഹിപ്പ് തുടങ്ങി നിരവധി ടെക്നിക്കുകളുണ്ട്. മത്സരത്തിൽ പോയിന്റിനു പകരം എതിരാളിക്ക് മൂന്നു പിഴവുകൾ സംഭവിച്ചാൽ വിജയിക്കാം.

പിൻഭാഗം മാറിൽ മുട്ടി വീഴുന്ന രീതിയാണ് ഇപ്പോൺ. ആ ഒറ്റ പോയിന്റിൽ മത്സരം വിജയിക്കാനാകുമെന്ന് കൃഷ്ണരാജ് പറഞ്ഞു.

മത്സരത്തിൽ തിരുവനന്തപുരം ജി വി രാജാ സ്പോട്സ് സ്കൂളിലെ കെ മുഹമ്മദ് ഷിബിലി രണ്ടാം സ്ഥാനവും ആലപ്പുഴ വി വി എച്ച് എസ് എസിലെ ആരോമൽ മൂന്നാം സ്ഥാനവും നേടി.

സൊസൈറ്റി ടുഡേ
SOCIETY TODAY



സംസ്ഥാന സ്കൂൾ കായികമേളയിൽ സീനിയർ ആൺകുട്ടികളുടെ വോളിബോൾ ഫൈനലിൽ കോട്ടയവും കോഴിക്കോടും ഏറ്റുമുട്ടുന്നു

# ഹാൻഡ്ബോളിൽ തൃശൂരും മലപ്പുറവും ചാമ്പ്യന്മാർ

സംസ്ഥാന സ്കൂൾ കായികമേളയിലെ ഹാൻഡ്ബോൾ മത്സരത്തിൽ സീനിയർ ആൺകുട്ടികളുടെ വിഭാഗത്തിൽ മലപ്പുറവും സീനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ തൃശൂരും ചാമ്പ്യന്മാരായി. സീനിയർ ആൺകുട്ടികളുടെ ഹാൻഡ് ബോൾ മത്സരത്തിൽ 14 നെതിരെ 16 ഗോൾ നേടിയാണ് മലപ്പുറം ജില്ല ഒന്നാമതെത്തിയത്. കോഴിക്കോട് ജില്ല രണ്ടാം സ്ഥാനവും കൊല്ലം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സീനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ 10 നെതിരെ 14 ഗോൾ നേടിയാണ് തൃശ്ശൂർ ജില്ല ഒന്നാം സ്ഥാനം സ്വന്തമാക്കിയത്. കണ്ണൂർ ജില്ല രണ്ടാം സ്ഥാനവും മലപ്പുറം ജില്ല മൂന്നാം സ്ഥാനവും നേടി.

പുത്തൻകുരിശ് എം.ജി.എം ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച മത്സരത്തിൽ സീനിയർ ആൺകുട്ടികളുടെ വിഭാഗത്തിൽ 14 ടീമുകളും സീനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ 13 ടീമുകളും മൽസരത്തിൽ പങ്കെടുത്തു.



# വുഷുവിൽ 70 മത്സരാർഥികൾക്ക് പരിക്ക്

**കോലഞ്ചേരി:** സംസ്ഥാന സ്കൂൾ കായികമേളയിൽ പേരുകൊണ്ടും ശൈലികൊണ്ടും ശ്രദ്ധേയമായ വുഷു മൽസരത്തിനിടെ അപകടങ്ങളുടെ പെരുമഴ.

സംസ്ഥാന സ്കൂൾ കായിക മേളയിലെ തന്നെ അപകട ഇനമെന്ന പേര് സമ്പാദിച്ച വുഷുവിൽ പങ്കെടുത്ത എഴുപതോളം മത്സരാർഥികൾക്ക് പരിക്കേറ്റു. 11 പേരെ കോലഞ്ചേരി മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചു. കളി കൈവിടുന്നുവെന്ന് കണ്ടപ്പോൾ മൽസരം നിർത്തിവയ്ക്കാൻ മന്ത്രിയുടെ നിർദേശമെത്തി.കോലഞ്ചേരി സെൻറ് പീറ്റേഴ്സ് സ്കൂൾ ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന വുഷു മത്സരമാണ് ഇന്നലെ വൈകുന്നേരം 3.15 ഓടെ മന്ത്രിയുടെ ഇടപെടലിനെ തുടർന്നു തൽക്കാലത്തേക്ക് നിർത്തി വച്ചത്. 133 ആൺകുട്ടികളും 109 പെൺകുട്ടികളും അടക്കം 242 മത്സരാർഥികൾ ഉണ്ടായിരുന്നു.ഓരോ മത്സരങ്ങൾ കഴിയുമ്പോഴും പരിക്കേറ്റവരുടെ എണ്ണം വർധിച്ചുവന്നത് ആശങ്ക പരത്തി.മത്സര സ്ഥലത്തിന് തൊട്ട് ചേർന്ന് സജ്ജമാക്കിയിരുന്ന മെഡിക്കൽ ടീമിനു പരിഹരിക്കാൻ ആവുന്നതിലും വലിയ പരിക്കുകൾ പറ്റിയതോടെ എംഒഎസ്സി മെഡിക്കൽ കോളജിലേക്ക് എത്തിച്ചു. ചികിത്സാ ചെലവുകൾ സ്വന്തം നിലയിൽ വഹിക്കണമെന്നു വന്നതോടെ മത്സരാർഥികളുടെ പരിശീലകരും ബന്ധുക്കളുമൊക്കെ പ്രതിഷേധവുമായി രംഗത്തുവന്നു.മുപ്പതോളം ഇനങ്ങൾ തീരാനുള്ളപ്പോഴാണ് മത്സരം നിർത്തി വയ്ക്കാൻ മന്ത്രിയുടെ നിർദേശം വന്നത്. പുത്തൻകുരിശ് എഇഒ ജി. പ്രീതി സ്ഥലത്തെത്തി കാര്യങ്ങൾ വിശദീകരിച്ചു. മത്സരം നിർത്തിവയ്ക്കുന്നത് അനീതിയാണെന്നും മത്സരാർഥികളെ നിരാശരാക്കരുതെന്നും പരിശീലകരും മറ്റും ആവശ്യപ്പെട്ടു

# മുന്നേറ്റം തുടർന്ന് തിരുവനന്തപുരം; ഇന്നലെ എട്ട് റെക്കോഡുകൾ

**കൊച്ചി:** സംസ്ഥാന സ്കൂൾ കായികമേളയുടെ രണ്ടാം ദിനത്തിൽ പിറന്നത് എട്ട് റെക്കോഡുകൾ. കോതമംഗലം എംഎ കോളേജിൽ നടക്കുന്ന നീന്തൽ മത്സരങ്ങളിലാണ് എല്ലാ റെക്കോഡുകളും. ഗെയിംസ്, അക്വാട്ടിക് മത്സരങ്ങളിൽ തിരുവനന്തപുരം ജില്ല മേധാവിത്വം തുടരുകയാണ്. ബുധനാഴ്ച അത്‌ലറ്റിക്സ് മത്സരങ്ങൾക്ക് തുടക്കമാകുന്നതോടെ കൊച്ചിയിലെ കായികപ്പൂരത്തിന്റെ ആവേശമുയരും. ട്രാക്കിലെ കൗമാര കരുത്തിലേക്കായിരിക്കും ഇനിയുള്ള ദിനങ്ങളിൽ കായിക കേരളം ശ്രദ്ധയൂന്നുക. 340 ഗെയിംസ് മത്സരയിനങ്ങളും അക്വാട്ടിക്സ് വിഭാഗത്തിൽ 54 മത്സരയിനങ്ങളും പൂർത്തിയായപ്പോൾ തിരുവനന്തപുരം ജില്ല മുന്നേറ്റം തുടരുകയാണ്. കണ്ണൂർ ജില്ല രണ്ടാം സ്ഥാനത്തും തൃശൂർ ജില്ല മൂന്നാം സ്ഥാനത്തുമാണ്. അത്‌ലറ്റിക്സ് മത്സരങ്ങൾക്ക് വ്യാഴാഴ്ച (നവംബർ 7) മുതൽ തുടക്കമാകുകയാണ്. അത്‌ലറ്റിക്സ് മത്സരങ്ങൾക്കായി 14 കൗണ്ടറുകളിലാണ് രജിസ്ട്രേഷൻ നടന്നത്. വ്യവസായവകുപ്പ് മന്ത്രി പി രാജീവ് ബുധനാഴ്ച പ്രധാനവേദിയായി മഹാരാജാസ് കോളേജ് ഗ്രൗണ്ട് സന്ദർശിച്ച് കുട്ടികളുമായും അധികൃതരുമായും ആശയവിനിമയം നടത്തി.



# ഖോ ഖോയിൽ പാലക്കാടൻ വിജയഭേരി

**കൊച്ചി:** കേരള സ്കൂൾ കായിക മേളയിൽ പെൺകുട്ടികളുടെ ഖോ ഖോയിൽ തിരുവനന്തപുരത്തെ കെട്ടുകെട്ടിച്ച് പാലക്കാട് പൊന്നണിഞ്ഞു.

തിരുവനന്തപുരത്തിൻറെ എസ്. മിഥുനും പാലക്കാടിൻറെ യു. ദിബിനിയയും മികച്ച താരങ്ങളായി. ഒരു പോയൻറിൻറെ മേൽക്കൈയിലാണ് പാലക്കാടിൻറെ അട്ടിമറി വിജയം. കഴിഞ്ഞ വർഷം പാലക്കാട് നാലാം സ്ഥാനത്തും തിരുവനന്തപുരം ഒന്നാമതുമായിരുന്നു.

അതേസമയം, ആൺകുട്ടികളുടെ വിഭാഗത്തിൽ കഴിഞ്ഞ വർഷത്തെ പരാജയത്തിന് പകരം വീട്ടാൻ പാലക്കാടിനു സാധിച്ചില്ല. സീനിയർ ബോയ്സ് വിഭാഗത്തിൽ ഒരു പോയൻറിൻറെ മേൽക്കൈയിൽ പാലക്കാടിനെ തിരുവനന്തപുരം പരാജയപ്പെടുത്തിയത്. കഴിഞ്ഞവർഷം ഫൈനലിൽ ഇരു ടീമുകൾ ഏറ്റുമുട്ടിയപ്പോഴും തിരുവനന്തപുരത്തിനായിരുന്നു ജയം.





# ദേശീയ ജലപാത വികസനം: കായലിന് ആഴംകൂട്ടൽ ഉടൻ തുടങ്ങും

**മുതുകുളം:** കൊല്ലം കോട്ടപ്പുറം ജലപാത (ദേശീയ ജലപാത3) വികസനത്തിന്റെ ഭാഗമായി കായംകുളം ഭാഗത്തു കായലിന് ആഴം കൂട്ടുന്ന ജോലി ഉടൻ തുടങ്ങും. കായംകുളം കനാൽ വഴിയുള്ള ബോട്ട് യാത്ര സുഗമമാക്കാൻ വേണ്ടിയാണ് മുതുകുളം കായംകുളം പ്രദേശത്ത് ആഴം കൂട്ടുന്നത്. ആഴം കൂട്ടേണ്ട ഭാഗം കൃത്യമായി തിട്ടപ്പെടുത്താനുള്ള സർവേ ഉടൻ നടത്തും. കൊല്ലം ജില്ലയിലെ ഇടപ്പള്ളിക്കോട്ടയിലും ആഴം കൂട്ടുന്ന ജോലി ഉടൻ തുടങ്ങും. ഉൾനാടൻ ജലഗതാഗത വകുപ്പാണു ദേശീയ ജലപാത വികസിപ്പിക്കുന്നത്.

ആലപ്പുഴ ജില്ലയിൽ ദേശീയ ജലപാത3 ൽ മുതുകുളം കായംകുളം ഭാഗം ഒഴികെ മിക്കയിടത്തും ആവശ്യത്തിന് ആഴമുണ്ട്. ഓരോ പ്രദേശത്തെയും ഏറ്റവും താഴ്ന്ന ജലനിരപ്പിൽ നിന്ന് 2.2 മീറ്റർ ആഴമാണു ദേശീയ ജലപാതയ്ക്കു വേണ്ടത്. 1.8 മീറ്റർ വരെ താഴ്ചയുള്ള യാനങ്ങൾക്കു സുഗമമായ സഞ്ചാരപാത ഒരുക്കുകയാണു ലക്ഷ്യം. ഓരോ വർഷവും നിശ്ചിത സ്ഥലങ്ങളിൽ ആഴം കൂട്ടിയും സംരക്ഷണഭിത്തി കെട്ടിയും ജലപാത പൂർത്തിയാക്കാനാണു പദ്ധതി.

ജലപാത3 ൽ തൃക്കുന്നപ്പുഴയ്ക്കു വടക്ക് കുമാരകോടിയിൽ 400 മീറ്റർ നീളത്തിൽ കായലിനു സംരക്ഷണഭിത്തി കെട്ടുന്ന ജോലി പുരോഗമിക്കുകയാണ്. കായലിന്റെ പടിഞ്ഞാറ് ഭാഗത്താണിത്. കിഴക്കുവശത്തു സംരക്ഷണഭിത്തി കെട്ടിയിട്ടുണ്ട്. ആലപ്പുഴ ചങ്ങനാശേരി ജലപാതയിൽ (ദേശീയ ജലപാത 8) വടക്കൻ വെളിയനാട്ടും ആലപ്പുഴ കോട്ടയം ജലപാതയിൽ (ദേശീയ ജലപാത 9) പള്ളത്തും 300 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി കെട്ടുന്നുണ്ട്.

ദേശീയ ജലപാതയിൽ ഇരുകരകളും തമ്മിൽ 70 മീറ്ററിൽ താഴെ മാത്രം വീതിയുള്ളതും തീരം ഇടിയുന്നതുമായ സ്ഥലങ്ങളിലാണു സംരക്ഷണ ഭിത്തി കെട്ടുന്നത്. ഭൂവുടമകളിൽ നിന്നുള്ള അപേക്ഷകളും ഇതിനായി പരിഗണിക്കും. വലിയ കരിങ്കല്ലുകളും കോൺക്രീറ്റും ഉപയോഗിച്ചാണു ഭിത്തി കെട്ടുന്നത്.

ദേശീയ ജലപാത വികസന ഭാഗമായി തൃക്കുന്നപ്പുഴ പാലത്തിന്റെ പുനർനിർമാണം നടക്കുകയാണ്. ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ 38 കോടി രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്. 2025 ഡിസംബറിൽ നിർമാണം പൂർത്തിയാകും. കാൽനട യാത്രികർക്കും ഇരുചക്രവാഹനങ്ങൾക്കും കടന്നു പോകാൻ സമീപത്തായി താൽക്കാലിക ഇരുമ്പുപാലം നിർമിച്ചിട്ടുണ്ട്.കായലിന്റെ ആഴം കൂട്ടലും തൃക്കുന്നപ്പുഴ പാലവും പൂർത്തിയാകുന്നതോടെ കൊല്ലം, ആലപ്പുഴ ജില്ലകളെ ബന്ധിപ്പിച്ചു ബോട്ട് സർവീസ് തുടങ്ങാൻ കഴിയും. മുൻപു യാത്രാ ബോട്ടുകൾ ഉൾപ്പെടെ സർവീസ് നടത്തിയിരുന്നെങ്കിലും കോവിഡ് വന്നതോടെ നിലച്ചു.



# സീ പ്ലെയിനിൽ പറക്കാം, ബോൾഗാട്ടി ടു മാട്ടുപ്പെട്ടി; പദ്ധതിക്ക് ഉടൻ തുടക്കമാകും

**മൂന്നാർ:** പശ്ചിമഘട്ടത്തിന്റെ ഹരിതാഭ ആകാശത്തിരുന്ന് ആസ്വദിക്കാൻ വഴിയൊരുക്കുന്ന ടൂറിസം പദ്ധതിക്ക് ഉടൻ തുടക്കമാകും; മാട്ടുപ്പെട്ടി അണക്കെട്ടിലേക്ക് സീ പ്ലെയിൻ (ജലവിമാനം) സർവീസ് തുടങ്ങാനുള്ള പരിശോധനകൾ പൂർത്തിയായി. പരിശീലനപ്പറക്കൽ ഒരാഴ്ചയ്ക്കുള്ളിൽ നടക്കും. കൊച്ചിയിലെ ബോൾഗാട്ടി പാലസിൽ നിന്നാണ് ആദ്യ പരീക്ഷണപ്പറക്കൽ. വിമാനത്തിൽ 8 പേർക്കു സഞ്ചരിക്കാം. വെള്ളത്തിലും കരയിലും ലാൻഡ് ചെയ്യുകയും പറന്നുയരുകയും ചെയ്യുന്ന ജലവിമാനമാണു സർവീസ് നടത്തുന്നത്. വിനോദസഞ്ചാരികൾക്കു മൂന്നാറിന്റെ പ്രകൃതിഭംഗി ആകാശയാത്രയിലൂടെ ആസ്വദിക്കാം.സാധാരണ വിമാനങ്ങളെ അപേക്ഷിച്ച് വലിയ ജനാലകളാണു ജലവിമാനങ്ങൾക്ക്. ഇതിനുള്ള 'വിമാനത്താവളമായ' വാട്ടർ എയറോഡ്രോം മാട്ടുപ്പെട്ടി ഡാമിൽ നിലവിലുള്ള ബോട്ടുജെട്ടിക്കു സമീപം സ്ഥാപിക്കാനാണു നീക്കം. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ഡയറക്ടർ, ഡാം സേഫ്റ്റി ചീഫ് എൻജിനീയർ, സിയാൽ അധികൃതർ, വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന സംഘം കഴിഞ്ഞ ദിവസം മാട്ടുപ്പെട്ടി ഡാമിൽ പരിശോധന നടത്തി. ജലവിമാനങ്ങൾ സർവീസ് നടത്താൻ പ്രദേശം ഉചിതമെന്നു കണ്ടെത്തിയിട്ടുണ്ട്. വനംവകുപ്പ് ഉന്നതോദ്യോഗസ്ഥരുടെ പരിശോധനയും നടന്നു.

# ചട്ടിക്കുളം നഗരവനം വിനോദ കേന്ദ്രത്തിന്റെ മോടികൂട്ടുന്നു

**കോടശേരി:** ചാലക്കുടി പറമ്പിക്കുളം ട്രാംവേ റോഡിനു സമീപം പ്രവർത്തനം തുടങ്ങിയ ചട്ടിക്കുളം നഗരവനം വിനോദ കേന്ദ്രം സന്ദർശകരെ ആകർഷിക്കുന്നതിനായി മോടി കൂട്ടുന്നു.പഞ്ചായത്തിൽ രണ്ടു നഗരവനം വിനോദ കേന്ദ്രങ്ങളാണ് അടുത്തയിടെ പ്രവർത്തനം ആരംഭിച്ചത്. 30 ഹെക്ടർ സ്ഥലത്ത് വ്യാപിച്ച് കിടക്കുന്ന ചട്ടിക്കുളം നഗരവനം ചട്ടിക്കുളം സെൻട്രൽ നഴ്സറിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്.

നിലവിൽ സന്ദർശകർക്കായി തുറന്നു നൽകിയ വിനോദ കേന്ദ്രം കൂടുതൽ മോടി പിടിപ്പിക്കുന്നതിനുള്ള ജോലി ആരംഭിച്ചു. വനം വകുപ്പിനു കീഴിലുള്ള വനസംരക്ഷണ സമിതിക്കാണ് നടത്തിപ്പ് ചുമതല. അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന്റെ മിനിയേച്ചർ രൂപത്തിൽ ജലധാരയും, കുട്ടവഞ്ചി സവാരിയും പ്രവേശന കവാടത്തിലെ കുളത്തിൽ ഒരുക്കുന്ന പണികൾ തുടങ്ങി. കൂടാതെ സെൽഫി പോയിന്റ്, സ്ഥിര വരുമാനവും അലങ്കാരവും ലക്ഷ്യമാക്കി ശലഭ പാർക്കും ഇതോടൊപ്പം ഉണ്ടാകും.

വിവാഹം, ജന്മദിനം തുടങ്ങിയ ആഘോഷങ്ങൾ നടത്തുന്നതിന് ഓപ്പൺ സ്റ്റേജ്, നിലവിലുള്ള സംവിധാനങ്ങൾക്കു പുറമേ കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഉല്ലസിക്കാനുമുള്ള സൗകര്യങ്ങൾ തുടങ്ങിയവ പാർക്കിൽ സജ്ജീകരിക്കും. പത്ത് ലക്ഷം വകയിരുത്തിയാണ് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത്.

പഞ്ചായത്ത് അംഗം ഷാജു മേക്കാട്ടുകുളം, റേ!ഞ്ച് ഓഫിസർ മാത്യു, വിഎസ്എസ് പ്രസിഡന്റ് വിൽസൻ പറോട്ടി, സെക്രട്ടറി അഭിലാഷ് എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. വികസനത്തിന്റെ ഭാഗമായി നാഗത്താൻപാറ ട്രെക്കിങ് നടത്താനുള്ള പദ്ധതിയും ഇതോടൊപ്പം ആലോചനയിലുണ്ട്. പഞ്ചായത്തിലെ നായരങ്ങാടി,ചട്ടിക്കുളം നഗരവനം വിനോദ കേന്ദ്രങ്ങൾ രണ്ടു കിലോമീറ്റർ ദൂരത്തിലാണ്.



# സത്യാഗ്രഹ ധർണ്ണ നടത്തി

**ആലുവ:** മുഖ്യമന്ത്രിയും വകുപ്പ് മന്ത്രിയും തൊഴിലാളികൾക്ക് നൽകിയ ഉറപ്പ് പാലിയ്ക്കണമെന്ന് ആവശ്യപ്പെട്ട് ടി.ഡി.എഫ് ആലുവ യൂണിറ്റിന്റെ നേതൃത്വത്തിൽ കെ.എസ്.ആർ.ടി.സി ബസ്സ് സ്റ്റാൻഡിൽ സത്യാഗ്രഹ ധർണ്ണ നടത്തി.ഡി.സി.സി.ജനറൽ സെക്രട്ടറി ബാബു പുത്തനങ്ങാടി ധർണ്ണ ഉൽഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ബിജു ജോസഫ് അദ്ധ്യക്ഷത വഹിച്ചു.ശബളം കൃത്യമായി നൽകുക,ഡി.എ.കുടിശ്ശിക അനുവദിക്കുക 16ഫിസിക്കൽഡ്യൂട്ടി നിബന്ധന പിൻവലിക്കുക പുതിയ ബസ്സുകൾ വാങ്ങുക പി.എസ്.സി വഴി നിയമനങ്ങൾ നടത്തുക രാഷ്ട്രീയപരമായ പകപോക്കൽ നടപടികൾ അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടായിരുന്നു ധർണ്ണ.മുഖ്യമന്ത്രിയും വകുപ്പ് മന്ത്രിയും തൊഴിലാളികൾക്ക് നൽകിയ ഉറപ്പ് പാലിയ്ക്കണമെന്ന് ആവശ്യപ്പെട്ട് ടി.ഡി.എഫ് ആലുവ യൂണിറ്റിന്റെ നേതൃത്വത്തിൽ കെ.എസ്.ആർ.ടി.സി ബസ്സ് സ്റ്റാൻഡിൽ സത്യാഗ്രഹ ധർണ്ണ നടത്തി.ഡി.സി.സി.ജനറൽ സെക്രട്ടറി ബാബു പുത്തനങ്ങാടി ധർണ്ണ ഉൽഘാടനം ചെയ്തു.യൂണിറ്റ് പ്രസിഡന്റ് ബിജു ജോസഫ് അദ്ധ്യക്ഷത വഹിച്ചു.ശബളം കൃത്യമായി നൽകുക,ഡി.എ.കുടിശ്ശിക അനുവദിക്കുക 16ഫിസിക്കൽഡ്യൂട്ടി നിബന്ധന പിൻവലിക്കുക പുതിയ ബസ്സുകൾ വാങ്ങുക പി.എസ്.സി വഴി നിയമനങ്ങൾ നടത്തുക രാഷ്ട്രീയപരമായ പകപോക്കൽ നടപടികൾ അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടായിരുന്നു, ധർണ്ണ.സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. അലിയാർ , ജില്ലാപ്രസിഡന്റ് ശ്രീ സസ ഷാജി, ഐ.എൻ.ടി.യു.സി ജില്ല കമ്മിറ്റിയംഗം പോളി ഫ്രാൻസീസ്,ജില്ലാ സെക്രട്ടറി ശ്രീ അനിൽ കുമാർ, യൂണിറ്റ് സെക്രട്ടറി ശ്രീ ഷാജിമോൻ തുടങ്ങിയവർ പ്രസംഗിച്ചു

# റേഷൻ കാർഡിലെ തെറ്റുതിരുത്താം നവംബർ 15 മുതൽ ഡിസംബർ 15 വരെ

**തിരുവനന്തപുരം:** റേഷൻ കാർഡുകളിലെ തെറ്റുതിരുത്താൻ കാർഡ് ഉടമകൾക്ക് അവസരം നൽകാനും അനനികൃതമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്താനുമായി ഭക്ഷ്യപൊതുവിതരണ വകുപ്പിൻറെ 'തെളിമ' പദ്ധതി നവംബർ 15ന് ആരംഭിക്കും ഡിസംബർ 15 വരെ നീണ്ടുനിൽക്കും.

റേഷൻ കടകൾക്കു മുന്നിൽ താഴിട്ടു പൂട്ടി സ്ഥാപിക്കുന്ന ഡ്രോപ് ബോക്സിൽ പരാതികളും അപേക്ഷകളും ഇടാം. റേഷൻ കാർഡ് ഉടമയുമായുള്ള ബന്ധം, അംഗങ്ങളുടെ തൊഴിൽ, എൽപിജി വിവരങ്ങൾ തുടങ്ങിയവയിലെ തെറ്റുകൾ തിരുത്തി നൽകും.

## എന്റർ പ്രൈസ് ഗ്രോത്ത് അവാർഡ്: ഡെലോയ്റ്റ് ഇന്ത്യ എൻട്രികൾ ക്ഷണിച്ചു

**കൊച്ചി:** മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്ന കുടുംബ ബിസിനസുകൾ, യൂണികോണുകൾ, സൂണികോണുകൾ എന്നിവയെ അംഗീകരിക്കുന്നതിനായുള്ള എന്റർപ്രൈസ് ഗ്രോത്ത് അവാർഡ് 2024ന്റെ ആദ്യ പതിപ്പിനായി ഡെലോയിറ്റ് ഇന്ത്യ എൻട്രികൾ ക്ഷണിച്ചു. ഉത്തര, ദക്ഷിണ, പൂർവ്വ, പശ്ചിമ ഇന്ത്യൻ മേഖലകളിലേക്കാണ് എൻട്രികൾ ക്ഷണിച്ചിട്ടുള്ളത്. മികച്ച നേതൃത്വം, കാഴ്ചപ്പാട്, വളർച്ച, പ്രാദേശിക സമൂഹത്തിന്റെ വികസനത്തിനായി ഗണ്യമായ സംഭാവനകൾ തുടങ്ങിയയുള്ള കമ്പനികൾക്കാണ് ഇതിൽ പങ്കെടുക്കാനാവുക.

## ഒക്ടോബറിൽ 5,97,711 യൂണിറ്റുകൾ വിറ്റഴിച്ച് ഹോണ്ട ഇന്ത്യ

**കൊച്ചി:** ഒക്ടോബറിൽ 5,97,711 ഇരുചക്ര വാഹനങ്ങൾ വിറ്റഴിച്ച് വിപണിയിലെ കുതിപ്പ് തുടർന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ). 5,53,120 യൂണിറ്റുകൾ ആഭ്യന്തര വിപണിയിലാണ് ഹോണ്ട വിറ്റഴിച്ചത്. 44,591 യൂണിറ്റുകൾ കയറ്റുമതി ചെയ്തു. 21 ശതമാനമാണ് വാർഷിക വളർച്ച.കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് കയറ്റുമതിയിൽ 48 ശതമാനവും ആഭ്യന്തര വിൽപ്പനയിൽ 20 ശതമാനവും വളർച്ച നേടാനായി. 2024 ഏപ്രിൽ ഒക്ടോബർ കാലയളവിൽ 37,56,088 യൂണിറ്റുകളാണ് ഹോണ്ട വിറ്റഴിച്ചത്. ഇതിൽ 34,34,539 യൂണിറ്റുകൾ ആഭ്യന്തര വിപണിയിലും 3,21,549 യൂണിറ്റുകൾ വിദേശ വിപണിയിലുമാണ് വിറ്റഴിച്ചത്.ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഉത്തരാഖണ്ഡ്, ഛത്തീസ്ഗഢ് സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന ഇന്ത്യയുടെ മധ്യ മേഖലയിൽ ഒരു കോടി ഇരുചക്ര വാഹനങ്ങൾ വിറ്റഴിക്കുകയെന്ന നാഴികക്കല്ലും എച്ച്എംഎസ്ഐ സ്വന്തമാക്കി. കർണാടകയിൽ 50 ലക്ഷം വാഹനങ്ങളാണ് വിറ്റഴിച്ചത്.

ഇന്ത്യയിലെ ആദ്യത്തെ 300 സിസി ഫ്ളെക്സ്ഫ്യൂവൽ മോട്ടോർ സൈക്കിളായ സിബി300എഫ് ഫ്ളെക്സ്ഫ്യൂവലും ഹോണ്ട കഴിഞ്ഞ മാസം വിപണിയിലിറക്കി. 1,70,000 രൂപയാണ് ഡൽഹി എക്സ്ഷോറൂം വില. വിപുലീകരണത്തിന്റെ ഭാഗമായി എറണാകുളം കളമശേരിയിൽ പുതിയ ബിഗ്‌വിങ് ഷോറൂമും ഹോണ്ട ആരംഭിച്ചു. റോഡ് സുരക്ഷ അവബോധത്തിനായി രാജ്യത്തെ 10 പ്രധാന നഗരങ്ങളിൽ ബോധവൽക്കരണ കാമ്പയിനുകൾ നടത്തിയിട്ടുണ്ട്. 2024 ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലന്റ് കപ്പിന്റെ എൻഎസ്എഫ്250 വിഭാഗത്തിൽ ഹോണ്ട റേസിങ് ഇന്ത്യ റൈഡർ മൊഹ്സിൻ പറമ്പൻ പത്തു റേസുകളിൽ ഏഴിലും വിജയിക്കുകയും ചെയ്തു.



## ടൈപ്പ് വൺ ഡയബറ്റിക്സ് ഫൗണ്ടേഷന് മണപ്പുറം ഫൗണ്ടേഷന്റെ കൈത്താങ്ങ്

**തിരുവനന്തപുരം:** മണപ്പുറം ഫൗണ്ടേഷന്റെ സിഎസ്ആർ പ്രവർത്തനങ്ങളുടെ ഭാഗമായി ടൈപ്പ് വൺ ഡയബറ്റിക്സ് ഫൗണ്ടേഷന് മെഡിക്കൽ ഉപകരണങ്ങൾ കൈമാറി. ജലസേചന വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ പരിപാടി ഉദ്ഘാടനം ചെയ്തു. ടൈപ് വൺ ഡയബറ്റിക് ബാധിതരായ 75ഓളം കുട്ടികൾക്ക് 360000 രൂപ വില വരുന്ന 26300 ഗ്ലൂക്കോമീറ്റർ സ്ട്രിപ്പുകളും, ഇടുക്കിയിൽ നിന്നുള്ള ജോസഫ് ഷിജോ എന്ന കുട്ടിക്ക് 5 ലക്ഷം വില വരുന്ന കോക്ലിയർ പ്രോസസറും വിതരണം ചെയ്തു.മണപ്പുറം ഫൗണ്ടേഷൻ സിഇഒ ജോർജ് ഡി ദാസ്, സോഷ്യൽ വർക്കർ അഖില പി. എൽ, ടൈപ്പ് വൺ ഡയബറ്റിക്സ് ഫൗണ്ടേഷൻ പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.




# കേരളത്തിൽ വേരുറപ്പിക്കാൻ കൃഷ്ണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്

**കൊച്ചി:** കേരളത്തിൽ വേരുറപ്പിക്കാൻ രാജ്യത്തെ ഏറ്റവും വലിയ ഹെൽത്ത്കെയർ ശൃംഖലകളിൽ ഒന്നായ കൃഷ്ണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിൽ മാത്രം 3000 കിടക്കകളുള്ള ആശുപത്രി ശൃംഖല സ്ഥാപിക്കാനാണ് കിംസ് ലക്ഷ്യമിടുന്നതെന്ന് കിംസ് ഹോസ്പിറ്റൽസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ഭാസ്കർ റാവു വാർത്താ സമ്മേളനത്തിൽ പറഞ്ഞു.പുതിയ ആശുപത്രികൾ സ്ഥാപിച്ചും, നിലവിലുള്ളവ ഏറ്റെടുത്തുമാണ് കേരളത്തിലേക്കുള്ള വിപുലീകരണം പൂർത്തിയാക്കുക.നിലവിൽ തെലങ്കാന, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, കേരളം, കർണാടക എന്നി അഞ്ച് സംസ്ഥാനങ്ങളിലായി 16ലധികം ആശുപത്രികളും 5000ൽ പരം കിടക്കകളും കിംസ് ഗ്രൂപ്പിനുണ്ട്. സംസ്ഥാനത്ത് ആദ്യ ചുവടുവെപ്പായി കണ്ണൂർ ശ്രീചന്ദ് ആശുപത്രി ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. കൂടാതെ തൃശ്ശൂരിലെ വെസ്റ്റ്ഫോർട്ട് ആശുപത്രിയുമായി ഓപറേഷൻ ആൻഡ് മാനേജ്മെന്റ് കരാർ ഒപ്പിട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.വെസ്റ്റ്ഫോർട്ടിൽ വികസന പ്രവൃത്തികൾ പുരോഗമിക്കുകയാണ്. അടുത്ത രണ്ട് വർഷത്തിനകം കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ 800 കിടക്കകളുള്ള വലിയ ഹെൽത്ത് സിറ്റികൾ സ്ഥാപിച്ച് കേരളത്തിൽ പുതിയ ആശുപത്രികൾ ആരംഭിക്കാനാണ് ഗ്രൂപ്പ് ലക്ഷ്യമിടുന്നത്. കൊച്ചിയിൽ ചേരാനെല്ലൂരിലാണ് ആശുപത്രി ആരംഭിക്കുന്നത്. രണ്ട് വർഷത്തിനുള്ളിൽ ആശുപത്രി തുടങ്ങാനാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

ം കണ്ണൂരിൽ എല്ലാവിധ സൗകര്യങ്ങളുള്ള ഓങ്കോളജി ആൻഡ് ട്രാൻസ്പ്ലാന്റ് കേന്ദ്രം സ്ഥാപിക്കുകയും തൃശ്ശൂരിൽ ട്രാൻസ്പ്ലാന്റ് സേവനങ്ങൾക്ക് എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ 350 കിടക്കകളുള്ള ആശുപത്രി സജ്ജമാക്കുകയും ചെയ്യും. ഭാവിയിൽ തിരുവനന്തപുരം, കൊല്ലം,പാലക്കാട്, മലപ്പുറം, കോട്ടയം, ഇടുക്കി തുടങ്ങിയ ജില്ലകളിലും ഏറ്റെടുക്കലുകൾ നടത്തും. എല്ലാ യൂണിറ്റുകളും 'അസറ്റ് ലൈറ്റ് മോഡൽ ' ആയിരിക്കും.സാമ്പത്തികം തടസ്സമാകാതെ, സംസ്ഥാനത്തെ എല്ലാവർക്കും ആധുനിക സൗകര്യങ്ങളോടു കൂടിയ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നതെന്നും ഡോ. ഭാസ്കർ റാവു പറഞ്ഞു.കിംസ് ഹോസ്പിറ്റൽസ് കേരളത്തിലേക്ക് വ്യാപിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ നിലവാരം ഉയരുമെന്ന് കേരള ക്ലസ്റ്റർ സിഇഒയും ഡയറക്ടറുമായ ഫർഹാൻ യാസിൻ പറഞ്ഞു. ഇതോടൊപ്പം സംസ്ഥാനത്തെ എല്ലാ ജനങ്ങൾക്കും മികച്ച ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കിംസ് സിഇഒ ഡോ. ബി. അഭിനയ്, ഡയറക്ടർ ഡോ. ശ്രീനാഥ് റെഡ്ഡി, കേരള ക്ലസ്റ്റർ സിഎഫ്ഒ അർജുൻ വിജയകുമാർ, യൂണിറ്റ് ഹെഡ് ഡോ. ദിൽഷാദ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## ഉയർന്ന ഉത്സവ കാല വിൽപ്പനയുമായി ഹീറോ മോട്ടോകോർപ്പ്

**കൊച്ചി:** മോട്ടോർസൈക്കിളുകളുടെയും സ്കൂട്ടറുകളുടെയും ലോകത്തിലെ ഏറ്റവും വലിയ നിർമ്മാതാക്കളായ ഹീറോ മോട്ടോകോർപ്പ് നവരാത്രി മുതൽ ആരംഭിച്ച 32 ദിവസ ഉത്സവ വിൽപ്പനയിൽ എക്കാലത്തെയും ഉയർന്ന റീട്ടെയിൽ വിൽപ്പന കൈവരിച്ചു.

15.98 ലക്ഷം (1.6 ദശലക്ഷം) യൂണിറ്റുകളുടെ വിൽപ്പനയോടെ 2023ലെ ഉത്സവ സീസണിനെ അപേക്ഷിച്ച് കമ്പനി 13% വളർച്ച രേഖപ്പെടുത്തി.ഹീറോ മോട്ടോകോർപ്പിന്റെ ഉൽപ്പന്നങ്ങൾക്ക് ഇന്ത്യയിലുടനീളം ഡിമാൻഡ് കൂടി. ഇതിൽ എക്സ്ട്രീം 125ആർ ഉൾപ്പെടെയുള്ള 125 സിസി മോട്ടോർസൈക്കിൾ സെഗ്മെന്റ് ഒരു പ്രധാന വളർച്ചാ ചാലകമായി ഉയർന്നുവന്നു. അതേസമയം 100 സി സി സെഗ്മെന്റും കമ്പനിയുടെ ശക്തമായ വിൽപ്പനയിലേക്ക് മികച്ച സംഭാവന നൽകി. ഹീറോ മോട്ടോകോർപ്പിന്റെ ഇലക്ട്രിക് വാഹന ബ്രാൻഡായ വിഡ ഇതേ കാലയളവിൽ 11,600 യൂണിറ്റ് വിൽപ്പന കൈവരിച്ചുകൊണ്ട് മുൻനിരയിലുണ്ട്.ഹീറോ പ്രീമിയ, ഹീറോ 2.0 ഔട്ട്ലെറ്റുകൾ എന്നിവയെ പ്രയോജനപ്പെടുത്തിക്കൊണ്ടും അതോടൊപ്പം 30 നഗരങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള വിഡ നെറ്റ്‌വർക്കിന്റെ തുടർച്ചയായ വിപുലീകരണം ഉയർന്ന വില്പനയ്ക്ക് കാരണമായി.

വരാനിരിക്കുന്ന പോർട്ട്ഫോളിയോ വിപുലീകരണം ബ്രാൻഡിന് കൂടുതൽ വളർച്ച നൽകുന്നതാണ്.ഹാർലിഡേവിഡ്സൺ എക്സ്440 ഈ ബ്രാൻഡിന്റെ ജനപ്രീതി ഉയർത്തിക്കാട്ടിക്കൊണ്ട് 2800 യൂണിറ്റുകളുടെ വിൽപ്പന നേടി. ഈ സാമ്പത്തിക വർഷാവസാനത്തോടെ പ്രീമിയ നെറ്റ്‌വർക്ക് 100ലധികം സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ കമ്പനി ലക്ഷ്യമിടുന്നതിനാൽ ബ്രാൻഡിന്റെ വ്യാപ്തിയും എളുപ്പത്തിലുള്ള ലഭ്യതയും വർദ്ധിപ്പിക്കും.

## രണ്ട് ലക്ഷം ഇലക്ട്രിക് വാഹന വിൽപന: നേട്ടം കൈവരിച്ച് മഹീന്ദ്ര

**കൊച്ചി:** മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡിന്റെ (എം ആൻഡ് എം) ഉപസ്ഥാപനമായ മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് (എംഎൽഎംഎംഎൽ) വൈദ്യുത വാഹന വിൽപനയിൽ രണ്ട് ലക്ഷം വിൽപനയെന്ന നാഴികക്കല്ല് പിന്നിട്ടു. ഇന്ത്യയുടെ മുൻനിര വാണിജ്യ വൈദ്യുത വാഹന നിർമാതാവെന്ന മഹീന്ദ്ര ലാസ്റ്റ്മൈൽ മൊബിലിറ്റിയുടെ സ്ഥാനം ഊട്ടിയുറപ്പിക്കുന്നതാണ് ഈ പുതിയ നേട്ടം.ട്രിയോ പ്ലസ്, ഇ ആൽഫ പ്ലസ്, മഹീന്ദ്ര സിയോ തുടങ്ങി നൂതന സാങ്കേതികതയുള്ള പുതിയ വാഹനങ്ങളുടെ പിന്തുണയോടെ, കഴിഞ്ഞ 17 മാസത്തിനുള്ളിൽ 100000ലധികം വൈദ്യുത വാഹനങ്ങളാണ് മഹീന്ദ്ര വിറ്റഴിച്ചത്. മഹീന്ദ്ര ട്രിയോ ശ്രേണി, ഇആൽഫ ശ്രേണി, സോർ ഗ്രാൻഡ് ത്രീവീലറുകൾ എന്നിവ ഉൾപ്പെടുന്ന അത്യാധുനിക സാങ്കേതിക വിദ്യയുള്ള ചെറുകിട വാണിജ്യ ഇലക്ട്രിക് വാഹനങ്ങളുടെ ഏറ്റവും വിപുലമായ ശ്രേണിയാണ് മഹീന്ദ്ര ലാസ്റ്റ്മൈൽ മൊബിലിറ്റി ലിമിറ്റഡ് വാഗ്ദാനം ചെയ്യുന്നത്. ത്രീവീലർ വിഭാഗത്തിലെ വിജയത്തിന്റെ അടിസ്ഥാനത്തിൽ എംഎൽഎംഎംഎൽ അടുത്തിടെ ഇലക്ട്രിക് ഫോർവീലർ വാഹനമായ മഹീന്ദ്ര സിയോ നിര വിപുലീകരിച്ചിരുന്നു.

# രത്തൻ ടാറ്റ സമൂഹത്തോട് സഹാനുഭൂതി പുലർത്തിയ വ്യക്തി: ടി കെ എ നായർ

**കൊച്ചി:** ഒരു ഭാഗത്ത് സമ്പത്തും വ്യവസായവും വളർത്തുകയും ലക്ഷങ്ങൾക്ക് തൊഴിൽ നൽകുകയും ചെയ്യുമ്പോൾ മറുഭാഗത്ത് സമൂഹത്തോടുള്ള സഹാനുഭൂതി നിലനിർത്തുകയും ചെയ്ത വ്യക്തിയായിരുന്നുരത്തൻ ടാറ്റയെന്ന് പ്രധാനമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ടി കെ എ നായർ പറഞ്ഞു. കേരളമാനേജ്മെന്റ് അസോസിയേഷൻ സംഘടിപ്പിച്ച രത്തൻ ടാറ്റ അനുസ്മണത്തിൽ പ്രഭാഷണം നടത്തുകയായിരുന്നുഅദ്ദേഹം. ജീവിത കാലത്ത് സമൂഹത്തിന് എന്തു നൽകി എന്നതിനനുസരിച്ചായിരിക്കും പിന്നീടുള്ള കാലത്ത് ഒരു വ്യക്തിഓർമിക്കപ്പെടുക. കറിയുപ്പ് മുതൽ സെമി കണ്ടക്ടർ വരെ ഇന്ത്യയിലെ ഓരോ വ്യക്തിയുടേയും നിത്യ ജീവിതത്തെസ്പർശിക്കുന്നതിനോടൊപ്പം ആരോഗ്യ മേഖലയിൽ ഉൾപ്പെടെ സാധാരണക്കാർക്കായി അദ്ദേഹം സഹജീവിസ്നേഹം പ്രകടമാക്കുന്ന പ്രവർത്തനങ്ങളാണ് നിർവഹിച്ചത്.

വിദ്യാഭ്യാസ രംഗത്ത് മികവിനായി സ്ഥാപനങ്ങൾ പടുത്തുയർത്തി എന്നതിനു പുറമേവിദ്യാർഥികൾക്കായിസ്കോളർഷിപ്പുകളും ഏർപ്പെടുത്തുന്നതിൽ രത്തൻ ടാറ്റ ശ്രദ്ധവെച്ചതായി ടി കെ എ നായർ പറഞ്ഞു. ജലസംരക്ഷണവും പരിസ്ഥിതി സുസ്ഥിരതയും ഉൾപ്പെടെ അദ്ദേഹം വ്യത്യസ്ത മേഖലകളിൽ തന്റേതായവ്യക്തിമുദ്രയാണ് പതിപ്പിച്ചത്.മികച്ച കാഴ്ചപ്പാടും മൂല്യബോധത്തോടെയുള്ള നേതൃപാടവവും പ്രകടമാക്കിയ രത്തൻ ടാറ്റ ജീവനക്കാരോട് മികച്ചബന്ധം സൂക്ഷിക്കാനും ശ്രദ്ധിച്ചിരുന്നു. തന്റെ ഉത്പന്നങ്ങൾ ഗുണനിലവാരവും മൂല്യവുംഉള്ളതായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു.ജവഹർലാൽ നെഹ്റു ശിലയിട്ട ആധുനിക ഇന്ത്യയുടെ സ്ഥാപകരിൽ ഒരാളായിരുന്നു രത്തൻ ടാറ്റ. ആധുനികഇന്ത്യയുടെ പുരോഗതി ഒറ്റരാത്രി കൊണ്ട് നടന്നതായിരുന്നില്ല. നിരവധി നേതാക്കളുടേയും രത്തൻ ടാറ്റയെപോലുള്ള വ്യവസായികളുടേയും വർഷങ്ങൾ നീണ്ട പരിശ്രമത്തിന്റെ ഫലമായാണ് വികസനവും പുരോഗമനവുംസാധ്യമായത്.ടാറ്റാ ഗ്രൂപ്പിലൂടെയും വ്യക്തിപരമായും വാണിജ്യ വ്യവസായ മേഖലയിൽ നടത്തിയ വളർച്ചയാണ് രത്തൻ ടാറ്റരാജ്യവികസനത്തിന് നൽകിയ ഏറ്റവും വലിയ സംഭാവനയെന്നും അദ്ദേഹം പറഞ്ഞു. കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ്സ്വാഗതവും ജോയിന്റ് സെക്രട്ടറി അനിൽ വർമ നന്ദിയും പറഞ്ഞു.

# ഇൻഡൽ മണി പബ്ലിക് ഇഷ്യു 156.51 ശതമാനം അധിക വരിക്കാരെ നേടി

**കൊച്ചി:** സ്വർണ്ണ വായ്പാ രംഗത്തു പ്രവർത്തിക്കുന്ന പ്രമുഖ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമായ ഇൻഡെൽ മണിയുടെ അഞ്ചാമത് പബ്ലിക് ഇഷ്യൂ 156.51 ശതമാനം അധിക വരിക്കാരെ നേടി. ഇൻഡെൽ മണിയുടെ സുരക്ഷിതവും വീണ്ടെടുക്കാവുന്നതും മാറ്റാനാവാത്തതുമായ 1000 രൂപ വീതം മുഖ വിലയുള്ള 75 കോടി രൂപയുടെ കടപ്പത്രങ്ങളാണ് പ്രതീക്ഷിച്ചതിനേക്കാൾ ഒന്നര ഇരട്ടിയിലേറെ വരിക്കാരെ ആകർഷിച്ചത്. ഇഷ്യൂവിന്റെ അവസാന ദിനം 117.38 കോടി രൂപയുടെ കടപ്പത്രങ്ങൾ സബ്സ്ക്രൈബ് ചെയ്യപ്പെട്ടു.

റിഡീം ചെയ്യുമ്പോൾ പ്രതിവർഷം 13.44 ശതമാനം വരെ നേട്ടം നൽകുന്ന എൻസിഡി കടപ്പത്രങ്ങളുടെ സബ്സ്ക്രിബ്ഷൻ 2024 ഒക്ടോബർ 21 ന് തുടങ്ങി നവംബർ 4 നാണ് ക്ലോസ് ചെയ്തത്. ഇവ നവംബർ 11 നോ അതിനു ശേഷമോ മുംബൈ സ്റ്റോക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യപ്പെടുമെന്നു കരുതുന്നു. 75 കോടി രൂപ വരെ പരിധിയുള്ള ഈ കടപ്പത്രങ്ങൾ പരമാവധി 150 കോടി രൂപ വരെ അധികമായി സബ്സ്ക്രൈബ് ചെയ്യാവുന്നതാണ്. ക്രിസിൽ റേറ്റിംഗിൽ ഇവയ്ക്ക് ട്രിപ്പിൾ ബി പ്ലസ് ലഭിച്ചിട്ടുണ്ട്. വിവിറെ ഫിനാൻഷ്യൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് ആണ് ഇഷ്യൂവിന്റ ലീഡ് മാനേജർമാർ.എൻസിഡി കടപ്പത്രങ്ങൾക്ക് വിപണിയിൽ ആവേശകരമായ സ്വീകരണം ലഭിച്ചതിൽ ഇൻഡെൽ മണി എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായ ഉമേഷ് മോഹനൻ അതിയായ സന്തോഷം പ്രകടിപ്പിച്ചു. തങ്ങളുടെ ബിസിനസ് മോഡലിൽ നിക്ഷേപകർ അർപ്പിച്ച വിശ്വാസത്തിനു തെളിവാണിതെന്നും ഭാവി പരിപാടികളുമായി മുന്നോട്ടു പോകാൻ ഇതു പ്രോത്സാഹനം നൽകുന്നതായും അദ്ദേഹം പറഞ്ഞു.

# ഒക്ടോബറിൽ 5570 വാഹനങ്ങൾ വിറ്റഴിച്ച് നിസാൻ

**കൊച്ചി:** നിസാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഒക്ടോബർ മാസത്തിൽ 5570 വാഹനങ്ങൾ വിറ്റഴിച്ചു. ഒക്ടോബർ മാസം ആഭ്യന്തര വിപണിയിൽ 3121 വാഹനങ്ങൾ വിറ്റഴിച്ചപ്പോൾ 2449 വാഹനങ്ങൾ കയറ്റുമതിയും ചെയ്തു. അടുത്തിടെ പുറത്തിറക്കിയ പുതിയ നിസാൻ മാഗ്നൈറ്റിന് ഈ ഉത്സവക്കാല സീസണിൽ ഡിമാൻഡ് ഉയർന്നതായും നിസാൻ വ്യക്തമാക്കി.ഗുണനിലവാരം, നവീകരണം എന്നിവയ്ക്ക് പ്രാധാന്യം നൽകികൊണ്ടുള്ള പുതിയ നിസാൻ മാഗ്നൈറ്റിന് ഉത്സവകാലയളവിൽ ഉപഭോക്താക്കൾ നൽകിയത് മികച്ച പ്രതികരണമാണെന്ന് നിസാൻ മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ സൗരഭ് വത്സ പറഞ്ഞു.




# നിഗല്ല പ്രോ മിക്സർ ഗ്രൈൻഡർ അവതരിപ്പിച്ച് ക്രോംപ്ടൺ



**കൊച്ചി:** ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ് പുതിയ നിഗല്ല പ്രോ 500വാട്ട് മിക്സർ ഗ്രൈൻഡർ പുറത്തിറക്കി. ആധുനിക ഡിസൈനും പ്രവർത്തന ക്ഷമതയ്ക്കും ഒപ്പം 500 വാട്ട് പവർട്രോൺ മോട്ടോറും വരുന്നതാണ് നിഗല്ല പ്രോ മിക്സർ. തുടർച്ചയായി 30 മിനുട്ട് നേരം പൊടിയ്ക്കാനും അരയ്ക്കാനുമാകും. പൊടിയ്ക്കാൻ മാത്രമല്ലാതെ സംഭരിക്കാനുനായി പ്രത്യേകം രൂപകൽപ്പന ചെയ്ത അടപ്പും സിപ്പർ ക്യാപ്പുകളും ഉള്ള ഇൻവർട്ടഡ് പിസി ജാറുകൾ, വലിയ നോബ്, ഹണികോമ്പ് വെന്റുകൾ എന്നീ പ്രത്യേകതതകൾ നിഗല്ല പ്രോ മിക്സറിലുണ്ട്. കൂടാതെ, തുരുമ്പും ചോർച്ചയും ഉണ്ടാക്കാത്ത സ്റ്റെയിൻലെസ് സ്റ്റീൽ ജാറുകളാണ് നിഗല്ല പ്രോയുടെത്. 3500 രൂപ വില വരുന്ന നിഗല്ല പ്രോ ക്രോംപ്ടണിന്റെ അംഗീകൃത റീട്ടെയിൽ ഔട്ട്ലെറ്റുകളിലും പ്രമുഖ ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും ലഭ്യമാണ്.

## കടപ്പത്രത്തിലൂടെ പണം സമാഹരിക്കാൻ മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ്

**കൊച്ചി:** മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് 1000 രൂപ മുഖവിലയുള്ള സുരക്ഷിതമായ, ഓഹരികളാക്കി മാറ്റാനാവാത്ത കടപത്രങ്ങളുടെ (എൻസിഡി) പബ്ലിക് ഇഷ്യൂ തുടങ്ങി. 100 കോടി രൂപയുടെ അടിസ്ഥാന സമാഹരണവും 50 കോടി രൂപ വരെ അധിക സമാഹരണവും നടത്താനുള്ള അനുമതിയുടെ അടിസ്ഥാനത്തിലാവും ആകെ 150 കോടി രൂപ ശേഖരിക്കുക.ഒക്ടോബർ 30ന് ആരംഭിച്ച ഈ കടപ്പത്രങ്ങളുടെ വിൽപന നവംബർ 13 വരെ തുടരും. വ്യവസ്ഥകൾക്ക് അനുസൃതമായി ഇതു നേരത്തെ അവസാനിപ്പിക്കാനുമാകും. ഈ കടപ്പത്രങ്ങൾ ബിഎസ്ഇയിൽ ലിസ്റ്റു ചെയ്യുന്നതാണ്.വാർഷികാടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ 8.84 ശതമാനം മുതൽ 10.5 ശതമാനം വരെ പലിശ നിരക്കു ലഭിക്കുന്ന വിവിധ വിഭാഗങ്ങളും കാലാവധികളും നിക്ഷേപകർക്കു തെരഞ്ഞെടുക്കാം. 450 ദിവസം, 26 മാസം, 36 മാസം, 48 മാസം, 66 മാസം എന്നിങ്ങനെയുള്ള കാലാവധികളാണ് ലഭ്യമായിട്ടുള്ളത്. കെയർ റേറ്റിംഗ്സ് ലിമിറ്റഡ്, കടപ്പത്രങ്ങൾക്ക് 'കെയർ എ സ്റ്റേബിൾ' റേറ്റിങ് നൽകിയിട്ടുണ്ട്.